ഒക്ടോബർ 2024

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail: cherupushpamkuries@gmail.com
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



**പുസ്തകം 30**
**2024 ഒക്ടോബർ**
**ലക്കം 10**

ചീഫ് എഡിറ്റർ
**ഫാ. വർഗ്ഗീസ് എടക്കളത്തൂർ** 9656020925

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസ്സോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. ജോയ്സ് മരിയ 9072371675
ശ്രീ. ജെയ്സൻ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ശ്രീമതി ബീന വിൻസെന്റ് 8848632006
ശ്രീമതി നൈന ഷാജു 9496760313

എക്സ് ഒഫീഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർലിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. ജിന്റോ കോടങ്കണ്ടത്ത് 9645145415

## താളുകളിലൂടെ...

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഓർമ്മിക്കുക ആചരിക്കുക | 03 |
| ഇടയശബ്ദം | 04 |
| പ്രതിനിധിയോഗ വാർത്തകൾ | 06 |
| വിശ്വാസ പരിശീലനവാർത്തകൾ | 07 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 10 |
| എന്നമ്മേ – നിത്യസഹായമാതാവേ | 11 |
| അമ്മയ്ക്കരികേ | 13 |
| സഹൃദത്തിന്റെ വില | 14 |
| കുട്ടികൾക്ക് പാടി പഠിക്കാനായി.... | 15 |
| ജപമാലയുടെ ശക്തിയെ കുറിച്ച്.... | 16 |
| മാലയിൽ കൊരുത്ത സുവിശേഷം | 18 |
| കാവൽ മാലാഖ | 20 |
| വചന വിചിന്തനം | 21 |
| സംഘടനാ വാർത്തകൾ | 22 |
| വെളിച്ചമാകാനും വെളിച്ചമേകാനും | 23 |
| സഹായഹസ്തമായി സുഹൃത്ത് | 25 |
| നല്ല ചിന്തകൾ | 27 |
| ദൈവത്തിനൊരു സ്വപ്നം | 28 |
| ബൈബിൾ ക്വിസ് | 30 |
| ചായക്കൂട്ട് മത്സരം | 32 |

**നടത്തുകൈക്കാരൻ**
**ശ്രീ. ജിന്റോ കോടങ്കണ്ടത്ത് 9645145415**

### പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

### ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

കവ്വർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ



## ഏലയോസ്



ദൈവത്തിന്റെ കരുണയെ സൂചിപ്പിക്കുന്ന ഒരു ഗ്രീക്ക് പദമാണ് 'ഏലയോസ്'. ദൈവത്തിന്റെ കരുണ എല്ലാവരേയും ഉൾക്കൊള്ളുന്നതാണ്. ഈ കരുണയുടെ വാതിലിന് ഒരു തരംതിരിവോ പക്ഷപാതമോ ഇല്ല. കർത്താവേ നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പകഷ്ണങ്ങൾ തിന്നുന്നുണ്ടല്ലോ, എന്ന കാനാൻകാരിയുടെ മറുപടി യേശുവിന്റെ ഹൃദയത്തെ സ്പർശിച്ചു. അവളുടെ വിശ്വാസത്തിന്റെ ആഴത്തെ പരീക്ഷിക്കാൻ ചോദിച്ചതായിക്കും. എന്നിരുന്നാലും അവിടുന്ന് ഇങ്ങനെ മറുപടി നൽകിക്കൊണ്ട് അവളോട് കരുണ കാണിക്കുകയാണ്. 'സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് ഭവിക്കട്ടെ." മേശയ്ക്കു മുകളിലും, കീഴെയുമല്ല മറിച്ച് മേശക്കുചുറ്റും വിരുന്നൊരുക്കുന്ന ഈശോയുടെ പുതിയ ഭാവമാണിവിടെ നാം ദർശിക്കുക. ഇസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം കാനാൻകാരി വിജാതീയ സ്ത്രീയാണ്. എന്നാൽ അവളുടെ ആഗ്രഹം നിറവേറ്റിക്കൊടുത്ത് പുത്രിയെ സൗഖ്യമുള്ളവളാക്കുകയും ചെയ്ത യേശു - എല്ലാവർക്കും - അതായത് യഹൂദർക്കും വിജാതീയർക്കും ഒരുപോലെ വിരുന്നൊരുക്കുന്ന കാഴ്ചയാണ് കാണുന്നത്. ഈ സംഭവത്തിന് തൊട്ടുമുൻപ് വി.മത്തായിയുടെ സുവിശേഷത്തിന് ആന്തരികവും ബാഹ്യവുമായ വിശുദ്ധിയേക്കുറിച്ചുള്ള ചർച്ചയാണ് വിവരിക്കുന്നത്. യഹൂദരും, വിജാതീയരും ഒരുപോലെ വിശുദ്ധിയിലേക്കു വിളിയ്ക്കപ്പെട്ടിരിക്കുന്നു എന്നുതന്നെയാണ് വ്യക്തമാക്കുന്നത്. വർഗീയതയും, വംശീയതയും വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഈ സുവിശേഷക ഭാഗത്തിന് വളരെ യേറെ പ്രാധാന്യമുണ്ട്. അവഗണിച്ചു എന്നുതോന്നുമ്പോൾ എളിമയോടെ തീവ്രമായി പ്രാർത്ഥിക്കണം. നായ്ക്കളോളം താഴാൻ തയ്യാറായപ്പോഴല്ലെ

യേശുവിന്റെ മനോഭാവം അവൾക്കനുകൂലമായത്. നാം പ്രാർത്ഥിക്കുമ്പോഴും താൻ പാപിയാണെന്നും, അവകാശമല്ല കരുണ തോന്നണമേയെന്നുമാണ് യാചിക്കേണ്ടത്. ഇതേപോലെ തന്നെ ദൈവത്തിന്റെ കണക്കുകൂട്ടലും ലോജിക്കും നമ്മുടേതിൽ നിന്നും വ്യത്യസ്തമാണ്. മുന്തിരിത്തോട്ടത്തിൽ ജോലിക്ക് പല സമയങ്ങളിൽ പോയിട്ടും ഒരേ കൂലിതന്നെ കൊടുത്തതോർക്കുന്നില്ലേ. അപ്പോഴവിടെ പിറുപിറുക്കുന്ന കുറച്ചുപേരെയും അവതരിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ജോലി കിട്ടിയതിൽ അഭിമാനിക്കേണ്ടവർ സന്തോഷിക്കുകയല്ലേ വേണ്ടത്. എപ്പോഴും ദൈവീക പ്രചോദനങ്ങൾക്കും ദൈവത്തിന്റെ വിളികൾക്കുമാണ് കാതോർക്കേണ്ടത്. ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞും, സ്വർഗ്ഗോൻമുഖ ജീവിതം നയിക്കുകയും ചെയ്യുക. ജീവിതം സംതൃപ്തമാകും. കണക്കുകൂട്ടലുകൾക്കുമപ്പുറം പ്രതിഫലവും നേടാം. ഇന്നു ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാൽ മാത്രം. സങ്കീർത്തകൻ പറയുന്നതുപോലെ, കർത്താവേ അവിടുത്തെ മാർഗ്ഗങ്ങൾ എനിക്കി മനസ്സിലാക്കി തരണമേ. അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കണമേ. അമ്മേ ജപമാല രാജ്ഞി അങ്ങയിൽ ഞങ്ങൾ ആശ്രയിക്കുന്നു.

**പത്രാധിപസമിതി**




## ഓർമ്മിക്കുക ആചരിക്കുക

**2024 ഒക്ടോബർ**

| | | |
|---|---|---|
| 1-10-24 | ചൊവ്വ | വി. കൊച്ചുത്രേസ്യാ |
| 4-10-24 | വെള്ളി | വി. ഫ്രാൻസിസ് അസ്സീസി |
| 10-10-24 | വ്യാഴം | വി. ഫ്രാൻസിസ് ബോർജിയ |
| 14-10-24 | തിങ്കൾ | ആവിലായിലെ വി. ത്രേസ്യ |
| 17-10-24 | വ്യാഴം | വി. ഇഗ്നേഷ്യസ് |
| 18-10-24 | വെള്ളി | വി. ലൂക്കാ |
| 22-10-24 | ചൊവ്വ | വി. ജോൺ പോൾ രണ്ടാമൻ |
| 28-10-24 | തിങ്കൾ | വി. യൂദാശ്ലീഹാ, വി. ശിമയോൻ |

# ഇടയശബ്ദം



സ്നേഹമുള്ള കുടുംബാംഗങ്ങളെ,

നമ്മുടെ ഇടവക മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ ദിവസമായ സെപ്റ്റംബർ എട്ടിന് നമ്മുടെ ഇടവക പൊതുയോഗം കൂടുകയുണ്ടായി. ഇടവകയെ സംബന്ധിച്ച് വളരെ സുപ്രധാനമായ ഒരു തീരുമാനമെടുക്കാൻ വേണ്ടിയായിരുന്നു ആ യോഗം. അത് നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന ദിവസം തന്നെ ആയത് ദൈവ നിയോഗമായി കാണുന്നു. അന്നത്തെ യോഗത്തെ കുറിച്ചുള്ള സന്തോഷകരമായ ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ഒരു നല്ല ഇടവക യോഗം എങ്ങനെയാണ് കൂടുക എന്ന് നിങ്ങൾ വളരെ മനോഹരമായി കാണിച്ചു തന്നു. ധാരാളം പേർ യോഗത്തിൽ പങ്കെടുത്തു. പങ്കെടുത്ത ഒട്ടേറെ പേർ അവരുടെ അഭിപ്രായങ്ങൾ സ്വതന്ത്രമായി തുറന്നു പറഞ്ഞു. എല്ലാവരുടെയും അഭിപ്രായങ്ങൾ എല്ലാവരും തുറന്ന മനസ്സോടെ കേട്ടു, സ്വീകരിച്ചു. നിഷേധാത്മകവും സ്വാർത്ഥപരവുമായ ചിന്താഗതിയിൽ നിന്നും ഉയരുന്ന അഭിപ്രായങ്ങൾ അവതരിപ്പിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിച്ചു. എനിക്ക് ഹിതകമല്ലെന്ന് തോന്നുന്നവയെയും തുറന്നു ശ്രവിക്കുവാൻ എല്ലാവരും നല്ല മനസ്സ് കാണിച്ചു. യോഗത്തിൽ ഉടനീളം സൗഹൃദ അന്തരീക്ഷം പുലർത്താൻ എല്ലാവരും സഹകരിച്ചു. യോഗാവസാനം അഭിപ്രായ ക്രോഡീകരണം നടന്നു കഴിഞ്ഞപ്പോൾ അതിനോട് സർവ്വാത്മനാ സഹകരിക്കുവാനുള്ള ആർജ്ജവത്വവും മനസ്സിന്റെ തുറവിയും എല്ലാവരും കാണിച്ചു. അങ്ങനെ ആ യോഗം പരിശുദ്ധ അമ്മയ്ക്കുള്ള ജന്മദിന സമ്മാനമായി മാറി. ഞാൻ മനസ്സിലാക്കുന്നു , യോഗം കഴിഞ്ഞ് എല്ലാവരും വർദ്ധിതമായ സന്തോഷത്തോടെയാണ് തിരിച്ചു പോയത് .

സ്നേഹമുള്ളവരെ നമ്മുടെ ഇടവക കൂട്ടായ്മയിൽ ഈ സൗഹൃദം എന്നും തുടരാൻ നിങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അഭിപ്രായങ്ങൾ പറയേണ്ടിടത്ത്, പറയേണ്ട രീതിയിൽ തുറന്നു പറയുവാനും, അനാവശ്യമായത് പറയാതിരിക്കാനും, എല്ലാവരുടെയും അഭിപ്രായങ്ങൾ തുറന്നു കേൾക്കുവാനും, അവസാനം പൊതു തീരുമാനത്തോട് ചേർന്ന് നിൽക്കുവാനും സന്മനസ്സ് കാണിച്ചാൽ, നമ്മുടെ കൂട്ടായ്മയും ഐക്യവും ഒരിക്കലും നഷ്ടപ്പെടുകയില്ല. ഇന്ന് സമൂഹത്തിലും സഭാ തലത്തിലും കാണുന്ന ഒരുപാട് പുഴുക്കുത്തുകളുടെ സാധിക്കും.



ദൈവത്തിന് ഇഷ്ടപ്പെട്ട ആലയം രൂപപ്പെടേണ്ടത് ആദ്യം മനുഷ്യമനസ്സുകളിൽ ആണ്. ഭൗതികമായ ഒരു കെട്ടിടത്തിനുമുപരി മനുഷ്യമനസ്സുകളുടെ കൂട്ടായ്മയാണ് ദൈവത്തിന് ഇഷ്ടപ്പെട്ട ആലയം. ഈ ആലയനിർമ്മിതി ആകട്ടെ ദേവാലയ നിർമ്മാണത്തിന്റെ മുന്നൊരുക്കം.

പരിശുദ്ധ അമ്മയോടുള്ള പ്രത്യേക സ്നേഹവും ഭക്തിയും പ്രകടിപ്പിച്ച് അമ്മയുടെ മധ്യസ്ഥം വഴി ധാരാളം ദൈവാനുഗ്രഹം സ്വന്തമാക്കുന്ന ജപമാല മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ഈ മാസം കൂടുതലായി ജപമാല ചൊല്ലുവാനും കുടുംബ പ്രാർത്ഥന മുടക്കാതിരിക്കാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. നമ്മുടെ കുടുംബങ്ങളെ ചേർത്ത് നിർത്തുന്ന കണ്ണിയാണ് സന്ധ്യാസമയത്തെ ജപമാല പ്രാർത്ഥന. അത് ഇല്ലാതാകുന്നത് കുടുംബങ്ങളുടെ ശിഥിലീകരണത്തിന് കാരണമാകുന്നുണ്ട്. അത് നമ്മുടെ കുടുംബത്തിൽ സംഭവിക്കാതിരിക്കട്ടെ. പരിശുദ്ധ അമ്മയോടു ചേർന്നിരുന്ന് പ്രാർത്ഥിച്ച് കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾ രൂപപ്പെടുത്തുവാൻ നമ്മുടെ കുടുംബങ്ങൾക്ക് സാധിക്കട്ടെ.

പ്രാർത്ഥനാപൂർവ്വം, സ്നേഹത്തോടെ,

**വർഗ്ഗീസച്ചൻ**

# 8/9/2024 തിയ്യതി പ്രതിനിധിയോഗ തീരുമാനങ്ങൾ

1. ഇടവകപള്ളിയുടെ നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചു. 169 അംഗങ്ങൾ പങ്കെടുത്തതിൽ നിന്നും ഐക്യകണ്ഠേന തീരുമാനമായി.
2. പുതിയ പള്ളി പണിയുന്നതിന് ആവശ്യമായ സ്ഥലം BTR ൽ നിലം എന്നത് മാറ്റി സംഖ്യ നിയമാനുസരണം അടച്ച് പുരയിടമാക്കി മാറ്റുക.
3. Under ground ഉപയോഗയോഗ്യമാക്കത്തക്ക രീതിയിൽ പള്ളി പണിയണം എന്ന് തീരുമാനമായി.
4. മീഡിയ ഹാളിനോട് ചേർന്ന വൈദീക മന്ദിരവും പള്ളി ഓഫീസ് മുറികളും പണിയാൻ തീരുമാനിച്ചു.
5. ഇടവക പള്ളിയകത്ത് തട്ടിൽ കൊച്ചുവറീതിന്റെ കല്ലറ അവശിഷ്ടങ്ങൾ എല്ലാ ബഹുമതികളോടെ സെമിത്തേരി ചാപ്പലിൽ അടക്കം ചെയ്യാൻ തീരുമാനിച്ചു.
6. 2026 ഡിസംബർ മാസത്തിനുള്ളിൽ പള്ളി പണി പൂർത്തീകരിക്കാൻ സാധിക്കുന്ന രീതിയിൽ പേപ്പർ വർക്ക് ഉടനെ നടത്തണം ഏതെങ്കിലും കാരണവശാൽ കാലതാമസം വരുന്നത് കണക്കിലെടുത്ത ഇടവകയിലെ നവവൈദീകന്റെ പട്ടം മുന്നിൽക്കണ്ട് അനുയോജ്യമായി തീരുമാനം കൈകൊള്ളാവുന്നതാണ്.
7. ഇടവക കുടുംബയൂണിറ്റുകളിൽ നിന്ന് 75 പേരെയും വികാരി 25 പേരെയും നോമിനേറ്റ് ചെയ്ത ഒരു കൺസ്ട്രക്ഷൻ കമ്മിറ്റി എടുക്കാൻ തീരുമാനിച്ചു. ഒരു യൂണിറ്റിൽ നിന്നും ഒരു വനിത ഉൾപ്പെടെ 5 പേരെ എടുത്ത് 22.9.2024 തിയ്യതിക്ക് ലിസ്റ്റ് നൽകി 29.9.2026 5.00 pm പള്ളി പണിയുടെ കമ്മിറ്റി മീറ്റിംഗ് കൂടുന്നതാണ്.

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**, പ്രതിനിധിയോഗം, സെക്രട്ടറി

## അറിയിപ്പ്

**എല്ലാ മാസവും അവസാനത്തെ ഞായർ മരിയനാദം ഇറക്കുവാൻ തീരുമാനിച്ചതിനാൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്തകൾ, സംഘടനവാർത്തകൾ, പ്രതിനിധിയോഗ വാർത്തകൾ, ബൈബിൾ ക്വിസ്, ചായമിടൽ മത്സരം എന്നിവ എല്ലാ മാസവും 15-ാം തിയ്യതിക്കുമുമ്പ് നൽകേണ്ടതാണ്.**

**പത്രാധിപസമിതി**



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

ഒക്ടോബർമാസം നമ്മൾക്ക് വളരെ പ്രധാനപ്പെട്ട മാസമാണ്. ജപമാലമാസം, ഒക്ടോബർ 7-ാം തിയ്യതി ആഘോഷിക്കുന്ന പരി.ജപമാലരാജ്ഞിയുടെ തിരുനാളാണ് ഈ മാസത്തെ ജപമാലഭക്തിയുടെ അടിസ്ഥാനം. മിഷൻമാസം - ഉണ്ണീശോയെ അത്യധികം സ്നേഹിച്ചിരുന്ന വി. കൊച്ചുത്രേസ്യ പുണ്യവതി - മിഷൻപ്രവർത്തനങ്ങളുടെ മധ്യസ്ഥ. മാമോദീസ സ്വീകരിച്ച നാം ഓരോരുത്തരും ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരാണ്. ഒക്ടോബർ 2ന് കാവൽമാലാഖമാരുടെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നു. കാവൽമാലാഖയുടെ സംരക്ഷണത്തിൽ, വിശുദ്ധ കൊച്ചുത്രേസ്യയുടെ മാധ്യസ്ഥത്തിൽ, അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത പരി.ജപമാലറാണിയിലൂടെ നമ്മളോരോരുത്തരേയും നമ്മുടെ കുടുംബങ്ങളേയും ഈശോയിലേക്ക് വഴിനടത്തുവാൻ പ്രത്യേകം പ്രാർത്ഥിക്കാം.

വിദ്യാർത്ഥികൾ അർദ്ധവാർഷിക പരീക്ഷയ്ക്ക് നന്നായി ഒരുങ്ങുകയും പരീക്ഷയിൽ മുടക്കം കൂടാതെ പങ്കെടുക്കുകയും ചെയ്യുന്നുണ്ടെന്ന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷയുടെ തിയ്യതിയും സമയക്രമവും താഴെ കൊടുത്തിരിക്കുന്നു.

| തിയ്യതി | ക്ലാസ്സുകൾ | സമയം | പാഠഭാഗങ്ങൾ |
|---|---|---|---|
| 6.10.2024 | 1, 3, 5, 7, 9, 11 | 2 - 4 pm | കാറ്റക്കിസം ഡയറി |
| 13.10.2024 | 2, 4, 6, 8, 10, 12, ACC | 2- 4 pm | 10, 11, 12 പേജുകൾ |

പരീക്ഷയുള്ള ദിവസങ്ങളിൽ ആ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കാലത്ത് വിശ്വാസപരിശീലനക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല. പരീക്ഷയ്ക്ക് 1.45 ന് തന്നെ വിദ്യാർത്ഥികൾ പരീക്ഷാഹാളിൽ പ്രവേശിക്കേണ്ടതാണ്.

ഒക്ടോബർ 20-ാം തിയ്യതി ഞായർ മിഷൺ സൺഡേയുടെ ഭാഗമായി മുൻ വർഷങ്ങളിലെ പോലെതന്നെ ഫുഡ് ഫെസ്റ്റ് നടത്തുന്നു. വിദ്യാർത്ഥികളുടേയും മാതാപിതാക്കളുടേയും ഇടവകക്കാരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഇടവകവിശ്വാസ പരിശീലനദിനം 2024, ഈ വർഷം നവംബർ 3-ാം തിയ്യതി ഞായർ

ഉച്ചതിരിഞ്ഞ് 4.30 ന് നടത്തപ്പെടുന്നു. ദിനത്തിനോടനുബന്ധിച്ച് കഴിഞ്ഞ വർഷം എൻഡോവ്മെന്റ്, സെക്കന്റ് റാങ്ക്, മുഴുവൻ ഹാജർ എന്നിവ നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതാണ്. സമ്മാനത്തിന് അർഹരായ വിദ്യാർത്ഥികളുടെ പേരും ക്ലാസ്സും താഴെ കൊടുക്കുന്നു.

| Std. | എൻഡോവ്മെന്റ് | സെക്കന്റ് റാങ്ക് |
|---|---|---|
| I | ജുവൽ വിൽസൺ | അന്റോണിയോ ക്രിസ് ജിന്റോ |
| II | ക്രിസ് ലിൻ ജോണി | ആരാധ്യമരിയ ജിന്റോ |
| III A | ആൻലിയ ടോണി | ജോവിനിയൻ ജോയ് |
| III B | അനുഗ്രഹ വി.ജെ. | സ്റ്റീന ബിജു |
| IV | ജോഹാൻ ജസ്റ്റിൻ മുട്ടിക്കൽ | എഡ്ന ഗ്രേസ് ഫ്രെൻജോ |
| V A | അനിഘ ലിയോ | ഇവ അൽഫോൺസ് ദിലീപ് |
| V B | ആൻഡ്രിയ ഫ്രെഡി | ജെറോൺ ജെയ്സൺ |
| VI | ജോൺസ് ചിറമ്മൽ | സനയ ഫിലിപ്പ് |
| VII | ആഷ്ലിൻ ജോണി | ഐശ്വര്യ ബെഞ്ചമിൻ ടി. |
| VIII A | ജെർമേൽ മരിയ ജോയ് | കെയ്ൻ ചിറമ്മൽ ജെയ്സൺ |
| VIII B | റോഹൻ ജെ. പാലത്തിങ്കൽ | എവിൻ തറയിൽ |
| IX | എയ്ഞ്ചൽ മേരി കെ. ഡേവിസ് | ജെസ്‌ലിൻ ജോൺസൺ |
| X A | സ്മിയ മരിയ ജോമി | എയ്ഡൻ റോസ് ജോഷി |
| X B | റിയാൻ ജോഷി | ആൻ ട്രീസ |
| XI | ഐറിൻ എൻ.ഡി. | ജാക്വലിൻ ജോണി |
| XII | അന്ന ജോസഫ് കെ. | ആൻ തെരേസ ജോർജ്ജ് |
| ACC | എയ്ഞ്ചൽ ജെൻസൺ | ആഗ്ന കെ.എൻ. |
| ACC Diploma | ടെൽമ മഡോണ | |

## മുഴുവൻ ഹാജർ നേടിയ വിദ്യാർത്ഥികൾ (2023 – 2024)

Std. I : ആബൻ സി.ടി, അന്റോണിയോ ക്രിസ്, ആൻഡ്രിയ പ്രിൻസ്, ജുവൽ വിൽസൺ

Std. III A & B : ജോവിനിയൻ ജോയ്, ആൻലിയ ടോണി, ഹെൻറി ജസ്റ്റിൻ, അനുഗ്രഹ വി.ജെ.

Std. IV : ജോഹാൻ ജസ്റ്റിൻ, അഡ്‌ലിൻ റിജോ

Std. V : ഓസ്റ്റിൻ അജി

Std. VI : ജോൺസ് ചിറമ്മൽ, ജോസഫ് ജോർജ്ജ്, അനിറ്റ പ്രിൻസ്, അൽന

റോസ്, ജിസ്മിയ ജിജോ

Std. VII : മിൽന ടോണി

Std. VIII

A & B : കെയ്ൻ ചിറമ്മൽ, റോഹൻ പാലത്തിങ്കൽ, അവിൻ തായിബ, ഷിയോൺ ഷാജു

Std. IX : എവിൻ സന്തോഷ്, എയ്ഞ്ചൽ മേരി

Std. X

A & B : റോഹിത് പാലത്തിങ്കൽ, സാവിയോൺ ഷാന്റി, സ്മിയ മരിയ ജോമി, എവലിൻ ലിയോനി

Std. XI : സ്നിഗ്ദ തെരേസ

Std. XIIvഎയ്ഞ്ചൽ മരിയ, റിയ സജീഷ്

പരിശുദ്ധ മാതാവിനോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും വളരെയേറെ അത്യാവശ്യമാണ് എന്ന തിരിച്ചറിവിൽ ജപമാലമാസത്തിൽ നമ്മൾക്ക് മരിയഭക്തിയിൽ വളരാം.

അർദ്ധവാർഷിക പരീക്ഷകൾക്ക് മക്കളെ നന്നായി ഒരുക്കി വിടണമെന്ന് മാതാപിതാക്കളോട് സ്നേഹപൂർവ്വം അപേക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ഡോ. ജോയ് കരേരക്കാട്ടിൽ**

(പ്രിൻസിപ്പാൾ)

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷന്റെയും കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെയും നേതൃത്തിൽ കർഷകദിനത്തിനോടനുബന്ധിച്ച് മികച്ച വനിത കർഷകയായി തെരഞ്ഞെടുത്ത സെന്റ് സേവ്യർ യൂണിറ്റിലെ **മേരി രാജുവിന്** ഇടവകയുടെ അഭിനന്ദനങ്ങൾ



പുതൂർക്കര 55-ാം ഡിവിഷന്റെ നേതൃത്വത്തിൽ കർഷകദിനത്തിനോട് അനുബന്ധിച്ച് മികച്ച പച്ചക്കറി കൃഷി കർഷകൻ (**Grow-Bag**) ആയി തെരഞ്ഞെടുത്ത സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിലെ **വിത്സൻ അറങ്ങാശ്ശേരിക്ക്** ഇടവകയുടെ അഭിനന്ദനങ്ങൾ ,





# കുടുംബകൂട്ടായ്മ വാർത്തകൾ

## സെന്റ് സേവിയേഴ്സ് കുടുംബകൂട്ടായ്മ

2024 ആഗസ്റ്റ് 18-ാം തിയ്യതി വൈകീട്ട് 5 മണിക്ക് ശ്രീമതി മേരി തോമസ് അറങ്ങാശ്ശേരിയുടെ ഭവനത്തിൽ വച്ച് കൂടി. കുടുംബാംഗം തിരി തെളിയിച്ച് യോഗത്തിന് സ്വാഗതം ആശംസിച്ചു. യൂണിറ്റംഗങ്ങൾ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. പ്രസിഡന്റ് ശ്രീ. ജോസഫ് രാജു അക്കര യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ബഹു. വികാരിയച്ചൻ, ഡീക്കൻ ആൽവിൻ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. പ്രിൻസ് വിൻസെന്റ് പ്രതിനിധിയോഗ ചർച്ചകൾ പങ്കുവച്ചു. കേന്ദ്രസമിതി യോഗ ചർച്ചകൾ ശ്രീ. ജോസഫ് രാജു അക്കര പങ്കുവച്ചു. ട്രഷറർ കണക്ക് അവതരിപ്പിച്ചു.

ഡീക്കൻ ആൽവിൻ വി. ജോൺ മരിയ വിയാനിയെക്കുറിച്ച് ചെറുവിവരണം നൽകി. വൈദികരുടെ വിശുദ്ധനായ വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4ന് സഭയിൽ ആഘോഷിക്കുന്നു. അന്നേദിവസം നാം എല്ലാ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുകയും പരിചയമുള്ള വൈദീകരെയെല്ലാം വിളിച്ച് ആശംസകൾ അർപ്പിക്കുന്നതും നല്ലതായിരിക്കുമെന്നും അറിയിച്ചു. ഒരു വൈദികനെ ഇവടകജനം ഏതു രീതിയിലാണ് വിലയിരുത്തുന്നതെന്നും ചർച്ചയിൽ കൊണ്ടുവന്നു. ആഗസ്റ്റ അവസാനം ഡീക്കൻ സെമിനാരിയിലേക്ക് തിരിച്ചുപോകുമെന്നും ഈ 5 മാസത്തോളം എല്ലാവരും നൽകിയ സ്നേഹത്തിനും സഹകരണത്തിനും നന്ദി പറയുകയും അതിലുപരി പ്രാർത്ഥനാസഹായം അപേക്ഷിക്കുകയും ചെയ്തു.

യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സഹകരിക്കുകയും കുട്ടികൂട്ടായ്മയെ സജീവമാക്കാൻ സഹായിക്കുകയും ചെയ്ത ഡീക്കന് പ്രസിഡന്റ് ശ്രീ. ജോസഫ് രാജു അക്കര യാത്രാമംഗളങ്ങൾ നേരുകയും യൂണിറ്റിന്റെ വക സ്നേഹോപഹാരം നൽകുകയും ചെയ്തു.

കർഷകശ്രീ അവാർഡു നേടുകയും പുതിയ നിയമം എഴുതി പൂർത്തിയാക്കി സോഫർ അംഗീകാരം നേടുകയും ചെയ്ത മേരി ടീച്ചർക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. ആഗസ്റ്റ് 15 സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കെ.സി.വൈ.എം നടത്തിയ 'ക്വീൻ മേരി കണ്ടസ്റ്റ്' മത്സരത്തിൽ യൂണിറ്റിൽ നിന്നും പങ്കെടുത്ത ഫസ്റ്റ് പ്രൈസ് - ആൻ മെറിൻ, സെക്കന്റ് പ്രൈസ് - ലിസ് മെർലിൻ, തേർഡ് പ്രൈസ് - ലിയ റോസ് കെ. ഇവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ നൽകി. കേന്ദ്രസമിതിയുടെ കീഴിൽ നടത്തുന്ന കായികമത്സരങ്ങളിലേക്ക് യൂണിറ്റിൽനിന്നും

രണ്ട് കൺവീനർമാരെ തെരഞ്ഞെടുത്തു. മിസ് ലിയാൻ ജോഷി, ശ്രീ. ജോ പോൾ. മുൻ വർഷങ്ങളിൽ നടത്തിയപോലെ ഓണാഘോഷം സെപ്റ്റംബർ 14ന് വൈകീട്ട് 6 മണിക്ക് സെന്റ് മേരീസ് ഹാളിൽവച്ച് നടത്താൻ തീരുമാനിച്ചു. യോഗത്തിൽ കുട്ടി കൂട്ടായ്മയും പങ്കെടുത്തു. 36 കുടുംബങ്ങളിൽനിന്ന് 22 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. നന്ദിപ്രകാശനത്തോടെ 6 മണിക്ക് യോഗം സമാപിച്ചു.

സെക്രട്ടറി, **ഷീബ റാഫേൽ**

---

# എന്നമ്മേ - നിത്യസഹായമാതാവെ.

**- ശോഭന ആന്റോ**
**ഹോളിട്രിനിറ്റി യൂണിറ്റ്**

ജീവിത തോണി തുഴഞ്ഞ് തുഴഞ്ഞ് തളർന്നപ്പോൾ
തുണയായ് എത്തിയെൻ അമ്മ
എൻ ആകുല വേളയിൽ കരുപിടിക്കാൻ
തുണയായ് എത്തിയെൻ അമ്മ,
എന്നമ്മേ - നിത്യസഹായമാതാവെ

എന്നേരവും എപ്പോഴുമെൻ
കാവലായ് നില്ക്കുന്ന എന്നമ്മേ
കരുതണമെ - കനിയണമെ
മാധ്യസ്ഥം ഞങ്ങൾക്ക് നല്കുണമെ
എന്നമ്മേ നിത്യസഹായമാതാവെ



നിൻ ജനനം ഞങ്ങൾക്ക് പുണ്യം
നിൻ ഉദരം വാഗ്ദാനപേടകം
നിൻ അധരം പൊഴിയും മൊഴികൾ
ശ്രവിക്കാൻ കൃപക്കായ് പ്രാർത്ഥിക്കണെ
എന്നമ്മേ, നിത്യസഹായമാതാവെ

കാനായിൽ മാദ്ധ്യസ്ഥം ചൊല്ലിയപ്പോൾ
മാളികമുകളിൽ പ്രാർത്ഥിച്ചപ്പോൾ
ആത്മാവിൽ തീനാളം ഇറങ്ങിയപോൽ
ഞങ്ങളും ആത്മാവിൽ ജ്വലിച്ചിടാനായ്
എന്നേമ്മ. നിത്യസഹായമാതാവെ.

*മരിയനാദം കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാ സാഹിത്യ മത്സരത്തിൽ വിശ്വാസപരിശീലന 8 ക്ലാസ്സു മുതൽ 10 – ാം ക്ലാസുവരെയുള്ള വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം*

# മതബോധനം

## *കാലഹരണപ്പെട്ടതല്ല; കാലാനുസൃതമാണ്*

Aiden Rose , Little Flower Unit

മതബോധനം കാലഹരണപ്പെട്ടതല്ല, കാലാനുസൃതമാണ്. ഒരു ക്രൈസ്തവൻ സഭയിൽ മാമ്മോദീസയിലൂടെ വന്നുചേർന്നതിനുശേഷം ആ വ്യക്തിക്ക് ഈശോയെ പറ്റി, സഭയെപറ്റി പറഞ്ഞുകൊടുക്കുന്നതു മുതൽ വ്യക്തിയുടെ മതബോധനം അഥവാ വിശ്വാസപരിശീലനം തുടങ്ങുകയാണ്. ചെറുപ്പം മുതൽ മാതാപിതാകളിൽനിന്നും ഈശോയെ പറ്റി അറിയുന്നു. അതിനുശേഷം മതബോധനക്ലാസിലൂടെ ഓരോ വർഷവും ഇശോയെപറ്റിയും സഭയെപറ്റിയും മനസ്സിലാക്കുന്നു. അതു ഹൃദയത്തിലും ഓർമ്മയിലും സൂക്ഷിക്കുന്നു. മതബോധനം ഇപ്പോൾ വിശ്വാസപരിശീലനമാണ്. നാം നമ്മുടെ വിശ്വാസത്തെ പരിശീലിപ്പിക്കുകയാണ്, പണ്ട് സാബത്തു ദിവസം ഈശോ സിനഗോഗുകളിൽ തന്റെ പിതാവിനെപറ്റിയും മാനസാന്തരത്തെപറ്റിയും ദൈവരാജ്യത്തെപറ്റിയും പ്രംസംഗിച്ചതുപോലെ ഞായറാഴ്ചദിവസം നാം ഈശോയെപറ്റിയും ഈശോ പ്രസംഗിച്ച കാര്യങ്ങളെ പറ്റിയും കേൾക്കുകയും വിശുദ്ധകുർബാനകൂടി വീട്ടിൻ തിരിച്ചു പോവുകയും പെയ്യുന്നു. മതാധ്യാപകരാകട്ടെ അവർക്ക് ഒഴിവുലഭിക്കുന്ന ഒരു ദിവസം ഈശോയെ പറ്റി പറഞ്ഞുകൊടുക്കുവാൻ ദൈവാലയത്തിൽ വരുന്നു. ഓരോ ഞായ്റാഴചയും ഈശോയെ അറിയാൻ മാത്രമല്ല വരുന്നത്, നമ്മുക്ക് സമൂഹത്തിൽ ഉള്ള ബന്ധം പുതുക്കുവാൻ കൂടിയാണ്. ഞായറാഴ്ചയിലെ പകുതി നേരം നാം ദൈവലായത്തിൽ മതബോധനം പഠിക്കുവാനും കൂട്ടുകാരുമൊത്ത് സൗഹൃദം പുതുക്കുവാനും വി. കുർബാനയിൽ പങ്കുചേരാനും നാം സന്നദ്ധരാകുന്നു. ഓരോ മതബോധന വർഷവും പുതിയ അറിവുകളും സൗഹൃദങ്ങളും പുതിയ അനുഭവങ്ങളും നിറഞ്ഞതായിരിക്കും. എല്ലാറ്റിനും ദൂഷ്യവശങ്ങളുള്ളതു പോലെ ഇതിനും ഉണ്ട് പരീക്ഷകളും മറ്റു പരിപാടികളും. എന്നാലും ഇവയെല്ലാം ക്രൈസ്തവന്റെ വിശ്വാസജീവിതത്തിനും ഗുണമേ ഉണ്ടാക്കൂ. ഓരോ പൊതുവിദ്യാഭ്യസത്തിനും നല്കുന്ന പ്രധാന്യം മതബോധനത്തിനും ഉണ്ട് എന്ന് നാം പരിപാടികളിലൂടെ ഉറപ്പുവരുത്തുന്നു. നമ്മുടെ കഴിവുകൾ ദൈവത്തിനായി ഉപയോഗിക്കുന്നു. മതബോധനം ഒരു നല്ല സംവിധാനമാണ്. ഈശോ മറ്റുള്ളവരെ തന്റെ രാജ്യത്തെ പറ്റി പഠിപ്പിച്ചതുപോലെ, മതബോധനത്തിലൂടെ ദൈവത്തെ പറ്റിയും അവിടുത്തെ രാജ്യത്തെ പറ്റിയും ഓരോ സാബത്തുദിവസവും അറിയുന്നു. അതുകൊണ്ട് മതബോധനം കാലഹരണപ്പെട്ടതല്ല. കാലാനുസൃതമാണ്.

# അമ്മയ്ക്കരികേ....

– മേരി ഡേവീസ്
ഹോളിഫാമിലി യൂണിറ്റ്

അമ്മയ്ക്കരികേ അണയുന്നേരം
ജപമാലയാൽ അമ്മതൻ കരംപിടിക്കും
വചനം മണിമുത്തിൽ കോർത്തെടുത്ത്
ജപമാലയായ് ഞാൻ ചൊല്ലീടുന്നു.
അമ്മതൻ കരം പിടിച്ചൊരുകുഞ്ഞായ്
നടന്നു നീങ്ങി ഞാൻ നടന്നുനീങ്ങി
മരിയേ അമ്മേ ജപമാലറാണീ
മക്കൾ തൻ അഭയമാം നാഥേ
മാതാവിൻ സാമീപ്യമുള്ള നേരം
എൻ ഹൃത്തിൽ ആനന്ദം അവർണ്ണനീയം
ജപമാല രഹസ്യങ്ങൾ ധ്യാനിക്കവേ
മാതാവിൻ പുണ്യങ്ങൾ നിറയുമെന്നിൽ
അമ്മതൻ ചാരെ ഇരുന്നുകൊണ്ട്
വചനമാം ഈശോയെ ധ്യാനിച്ചുഞാൻ
മരിയേ അമ്മേ ജപമാലറാണി
സന്തോഷ രഹസ്യത്തിൽ ചരിച്ചിടുമ്പോൾ
അമ്മതൻ ആനന്ദത്താൽ നിറഞ്ഞു
ദുഃഖരഹസ്യം ധ്യാനിക്കുന്നേരം
മാതാവിൻ സഹനത്തിൻ ആഴമറിഞ്ഞു.
ആ സഹനത്തിൽ വഴിയിൽ നടന്ന്
ക്രൂശിതനോടൊത്ത് ചേർന്നുനിന്നു
മഹത്വരഹസ്യം ധ്യാനിച്ചീടവേ
ഉത്ഥിതനീശോ ചാരെയെത്തും
നാഥന്റെ ദിവ്യസമ്മാനമാം റൂഹാ
അഗ്നിയാൽ എന്നിൽ നിറഞ്ഞു നിൽക്കും
പ്രകാശരഹസ്യത്തിൻ വഴിയേ ചരിച്ച്
എന്നുടെ ഈശോതൻ സ്നേഹമറിഞ്ഞു.
എന്നും ചൊരിയുന്ന നാഥന്റെ സ്നേഹം
കാനായിൽ ആദ്യാത്ഭുതമായ് നടന്നു.
മരിയേ അമ്മേ ജപമാലറാണീ
മക്കൾതൻ അഭയമാം നാഥേ.



*മരിയനാദം കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാ സാഹിത്യ മത്സരത്തിൽ വിശ്വാസപരിശീലന 8 ക്ലാസ്സു മുതൽ 10 – ാം ക്ലാസുവരെയുള്ള വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ*

# സൗഹൃദത്തിന്റെ വില

## ജീവിതത്തിലെ സമരിയാക്കാരൻ

Smiya Davis, St Marys



എല്ലാ സുഖങ്ങൾക്കിടയിലും കഴിയുന്നവനാണ് കെവിൻ. ആ നാട്ടിലെ പണക്കാരനായ ജോസഫിന്റെ ഒരേയൊരു മകനാണെങ്കിലും അവന് അതിന്റെ യാതൊരു അഹങ്കാരവുമില്ല. ഇന്ന് കാലത്ത് കുർബാനയ്ക്ക് പോകുകയാണവൻ. കൂട്ടിന് അവന്റെ ഉറ്റ സുഹൃത്ത് എബിയുമുണ്ട്. എബിയുടെ അപ്പൻ കൂലി പണി ചെയ്താണ് അവരെ നോക്കുന്നത്. എബിയെ പല കാര്യങ്ങളിലും സഹായിക്കുന്നത് കെവിനാണ്.

ഇന്നൊരു ഓട്ടമത്സരമുണ്ട് രണ്ടുപേർക്കും . വളരെ നന്നായി അവർ തയ്യാറെടുത്തിട്ടുണ്ട്. എങ്കിലും ഉള്ളിൽ ഒരു ചെറിയ വിഷമം ഉണ്ട്. ഇതിൽ ജയിക്കുന്ന ആൾക്ക് അടുത്ത ഘട്ടത്തിൽ മത്സരിക്കാം, കൂടാതെ ഒരു ചെറിയ കാഷ് അവാർഡും ലഭിക്കും. എബിയെ സംബന്ധിച്ച് അത് വലിയൊരു തുകയാണ്. എന്നാലും ഒരു ആൾ ജയിക്കുമ്പോൾ മറ്റവന് സങ്കടമാകുമോയെന്നും അവർ ആലോചിക്കുന്നുണ്ട്.

അങ്ങനെ മത്സരസമയമായി എല്ലാവരും ട്രാക്കിൻ നിരന്നു നിന്നു. മത്സരം ആരംഭിച്ചു. എബിയും കെവിനും തന്നെയാണ് മുന്നിൽ . ഇരുവരുടെയും പരിശ്രമം വെറുതെയായില്ല. എന്നിരുന്നാലും സമ്മാനം ഒരു ആൾക്കല്ലേ ലഭിക്കൂ. തൊട്ടു തൊട്ടു പിന്നിലായി ഇരുവരും ഓടുന്നു. മറ്റു മത്സരാർത്ഥികൾ ഇവരെക്കാൾ വളരെ പിന്നിലായാണ് ഓടുന്നത്. ഇരുവരുടെയും മനസ്സിൽ സന്തോഷമുണ്ട്. കാരണം രണ്ടുപേരും തൊട്ടു തൊട്ടു മുന്നിലാണല്ലോ. ഇവരുടെ വീട്ടുകാർ പ്രാർത്ഥനയോടെയും ആവേശത്തോടെയും ഇവരെ പ്രോത്സാഹിപ്പിക്കുകയാണ്. മത്സരം അവസാനതലത്തിലേ കടക്കുകയാണ്. ഇവർ ഇപ്പോഴും അടുത്തു തന്നെയാണ്. ഏതാനും സെക്കന്റിൽ

മത്സരം തീരും. എബിയാണ് മുന്നിൽ നിൽക്കുന്നത്. അപ്പോഴാണ് അത് സംഭവിച്ചത്. എബിയുടെ കാൽ ഉളുക്കി. അവന്റെ ഓട്ടത്തിന് വേഗത കുറഞ്ഞു. സ്വാഭാവികമായി കെവിൻ മുന്നിലായി എബി തന്റെ വേദനയുള്ള കാലുമായി കഷ്ടപ്പെട്ട് ഓടുന്നു. മത്സരം പൂർത്തിയാകുന്നതിന് തൊട്ടു മുന്ന് കെവിൻ ഒന്നു ചിന്തിച്ചു. ഒന്നും രണ്ടും സ്ഥാനക്കാർക്ക് അടുത്ത ഘട്ടത്തിൽ മത്സരിക്കാം. എന്നാൽ ക്യാഷ് അവാർഡ് ഒന്നാം സ്ഥാനക്കാർക്കു മാത്രമല്ലേ ലഭിക്കൂ. ആ തുക എബിക്കു തന്നെ ലഭിക്കുകയാണ് ഉചിതം. കെവിന്റെ വേഗത കുറഞ്ഞു. എബി പതിയെ പതിയെ മുന്നോട്ട് എത്തി. അവൻ തിരിഞ്ഞ് കെവിനെ നോക്കി. രണ്ടുപേർക്കും പുഞ്ചിരി മാത്രം. എബി വിജയിച്ചു.

ആശുപതിയിൽ പോയതിനുശേഷം അവൻ വിട്ടിലെത്തി. കുടുംബപ്രാർത്ഥനയുടെ ഇടയിൽ ബൈബിൾ തുറന്നേപ്പോൾ അവൻ കണ്ടത് നല്ല സമരിയാക്കാരന്റെ ഉപമയാണ്. അവന്റെ കണ്ണുകൾ നിറഞ്ഞു.

---

# കുട്ടികൾക്ക് പാടി പഠിക്കാനായി 10 കല്പനകൾ

**ജിപ്സി റാഫി**
**സെന്റ് തോമാസ് യൂണിറ്റ്**



ഒന്നാമത് നാം ഓർക്കണം
ഒരേ ഒരു ദൈവം മാത്രം
രണ്ടാമത് നാം ഓർക്കേണം
മിണ്ടരുത് വെറുതെ കർത്താവിൻ നാമം
മൂന്നാമത് നാം ഓർക്കേണം
നന്നായി ആചരിക്കണം തിരുദിവസം
നാലാമത് നാം ഓർക്കേണം
നല്ലപോൽ മാനിക്കണം അപ്പനേം അമ്മേം
അഞ്ചാമത് നാം ഓർക്കേണം
അയ്യോ! കൊല്ലരുത് ആരേയും
ആറാമത് നാം ഓർക്കേണം
ആകേണം വിശുദ്ധരേപ്പോൽ
ഏഴാമത് നാം ഓർക്കേണം
മോഷണം ഒട്ടും പാടില്ല
എട്ടാമത് നാം ഓർക്കേണം
ഒട്ടും കള്ളം പറയരുത്.
ഒമ്പതാമത് നാം ഓർക്കേണം
ഒട്ടും മോഹിക്കല്ലെ അന്യന്റെ ഭാര്യയെ
പത്താമത് നാം ഓർക്കേണം
ഒട്ടും മോഹിക്കല്ലെ അന്യന്റെ വസ്തുക്കൾ.

# "ജപമാലയുടെ ശക്തിയെക്കുറിച്ച് വിശുദ്ധർ പറയുന്നത്

**ബീൻ വിൻസെന്റ്, സെൻ്റ് മേരീസ് യൂണിറ്റ്**



1. 'ജപമാല ചൊല്ലിക്കൊണ്ടിരിക്കുന്ന ഒരു സൈന്യത്തെ എനിക്ക് തരൂ. ഞാൻ ഈ ലോകത്തെ കീഴടക്കും" വാഴത്തപ്പെട്ട പിയൂസ് ഒമ്പതാമൻ മാർപാപ്പ.
2. "ഈ കാലഘട്ടത്തിനുപറ്റിയ ഏറ്റവും ശക്തമായ ആയുധമാണ് ജപമാല" (വിശുദ്ധ പാദ്രെ പിയോ)
3. "പരിശുദ്ധ ജപമാല ഒരു ശക്തമായ ആയുധമാണ്. ഇത് ആത്മവിശ്വാസത്തോടു കൂടി ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ ഉദ്ദിഷ്ട ഫലത്തിൽ നിങ്ങൾ വിസ്മ യഭരിതരാകും" (വി. ജോസ് മരിയ എസ് ക്രിവ)
4. ജപമാല മറ്റ് എല്ലാ പ്രാർത്ഥനകളെക്കാളും അധികമായി അനുഗ്രഹങ്ങളാൽ സമ്പുഷ്ടമാണ്, ദൈവമാതാവിന്റെ ഹൃദയത്തെ ഏറ്റവും കൂടുതലായി സ്പർശി ക്കുന്ന ഒരു പ്രാർത്ഥനയാണിത്. നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിൽ സമാധാനം വാഴുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കുടുംബമായി ജപമാല ചൊല്ലുവിൻ. (പിയൂസ് പത്താമൻ മാർപാപ്പാ)
5. പിശാചിനെ ആട്ടിപ്പായിക്കുവാനും ഒരുവനെ പാപത്തിൽ നിന്നും അകറ്റിനിർ ത്തുവാനും തക്ക ശക്തമായ ആയുഘമാണ് ജപമാല. നിങ്ങൾ നിങ്ങളുടെ ഹൃ ദയത്തിലും കുടുംബത്തിലും രാജ്യത്തിലും സമാധാനം ആഗ്രഹിക്കുന്നുവെ ങ്കിൽ എല്ലാ സായാഹ്നത്തിലും ഒരുമിച്ച് ചേർന്ന് ജപമാല ചൊല്ലുവിൻ. ജപമാല ചൊല്ലാതെ ഒരുദിവസവും കടന്നുപോകുവാൻ അനുവദിക്കരുത്. ജോലി ഭാര ത്താൽ എത്രമാത്രം ക്ഷീണിതനാണെങ്കിൽ പോലും
(പിയൂസ് പതിനൊന്നാമൻ മാർപാപ്പ)

# 30-ാം ചരമവാർഷികം

## 31-10-2024



# കൈപ്പറമ്പിൽ ഔസേഫ്
# ലോനപ്പൻ

ജനനം : 07.10.1923 മരണം : 31.10.1994

സ്നേഹപൂർവ്വം കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് യൂണിറ്റ്



NEW DIVINE LABORATORY
ALPHA COMPLEX, OPP. NIRMALA CONVENT,
AYYANTHOLE, THRISSUR.
658 259 2002
808 685 3637
790 737 0106
Home Collection Available
Since 2006
Home Sample Collection
Online Reports
10,00,000 + Happy Patients
NO MORE TIRING VISITS TO THE LAB.
HOME BLOOD SAMPLE COLLECTION




STAR Health Insurance
The Health Insurance Specialist
അപകടം ഏതു
നിമിഷവും ഉണ്ടാവാം
പ്രീമയം കൂടുതലാണെന്നും
പറഞ്ഞ് ഹെൽത്ത് ഇൻഷുറൻസ്
എടുക്കാൻ മടിക്കരുത്...
ഹോസ്പിറ്റൽ ബില്ലിനേക്കാൾ
ചെറിയ പ്രീമിയത്തിൽ
ഹെൽത്ത് ഇൻഷുറൻസ് എടുക്കാം...
ജീവിതം സുരക്ഷിതമാക്കാം
› 75 വയസ്സ് വരെയുള്ളവർക്ക് മെഡിക്കൽ ചെക്കപ്പ് ഇല്ലാതെ പ്രവേശനം
› 2 കോടി രൂപ വരെയുള്ള കവറേജ്
<<Enquire now
790 737 0106

# മനസ്സുകളിൽ അണയാത്ത ദീപമായ്
# ഞങ്ങളുടെ പ്രിയപ്പെട്ട അപ്പനും അമ്മയും



**മുളവരിയ്ക്കൽ പൗലോ പീറ്റർ & മറിയം പീറ്റർ**

**സെന്റ് ഡോമിനിക് ദൈവാലയം, ആലുവ**

ജനനം : 11.03.1904
മരണം : 03.12.1969

ജനനം : 07.12.1912
മരണം : 01.10.1975



**നെയ്യൻ അന്തോണി വർഗ്ഗീസ് & പ്രസ്തീന വർഗ്ഗീസ്**

**ലൂർദ് ഭദ്രാസന ദൈവാലയം, തൃശൂർ**

ജനനം : 13.03.1918
മരണം : 26.02.2001

ജനനം : 12.06.1923
മരണം : 18.05.2005

**ജോസഫ് പീറ്റർ മുളവരിയ്ക്കൽ & പ്രേമ വർഗ്ഗീസ് നെയ്യൻ**

ഹോളിഫാമിലി യൂണിറ്റ്

# 25-ാം ചരമവാർഷികം



## വെള്ളേപ്പറമ്പിൽ കുരിയപ്പൻ
# ഇനാശു

ജനനം : 02.07.1961   മരണം : 19.10.1999

സ്നേഹപൂർവ്വം
കുടുംബാംഗങ്ങൾ

6. 'എല്ലാ സന്ധ്യാ സമയങ്ങളിലും ജപമാല ചൊല്ലുന്ന കുടുംബം എത്രമനോഹബെരമായ കുടുംബമാണ്" (വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ)
7. "ദൈവത്താൽ പ്രചോദിതമായ ഒരു അമൂല്യനിധിയാണ് ജപമാല" (വി. ലൂയിസ് ഡിമോണ്ട്ഫോർട്ട്)
8. "പരിശുദ്ധ കന്യകാമാതാവിന്റെ അടുക്കൽ പോവുക. അവളെ സ്നേഹിക്കുക! നിങ്ങൾക്ക് സാധിക്കുമ്പോഴൊക്കെ ഭക്തിപൂർവ്വം ജപമാല ചൊല്ലുക! അങ്ങനെ പ്രാർത്ഥനയുടെ ആത്മാക്കളാവുക അത് നമുക്കാവശ്യമായ അനുഗ്രഹങ്ങൾ നേടിതരുന്നു." (വി. പാദ്രേപിയോ)
9. "പ്രാർത്ഥിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ജപമാല ചൊല്ലുക എന്നതാണ്" (വിശുദ്ധ ഫ്രാൻസിസ് ഡി സാലെസ്)
10. "സാത്താനെതിരെയുള്ള ചമ്മട്ടിയാണ് ജപമാല" (അഡ്രിയാൻ ആറാമൻ മാർ പാപ്പാ)
11. പത്തുലക്ഷത്തോളം കുടുംബങ്ങൾ എല്ലാദിവസവും ജപമാല ചൊല്ലുകയാണെങ്കിൽ മുഴുവൻ ലോകവും രക്ഷപ്പെടും," (വി. പിയൂസ് പത്താമൻ മാർപാപ്പ)
12. ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനാരീതിയും നിത്യജീവൻ നേടുന്നതിനു ഏറ്റവും ഫലപ്രദമായ മാർഗ്ഗവുമാണ് ജപമാല. നമ്മുടെ എല്ലാ തിന്മകൾക്കുമുള്ള ഒരു പരിഹാരമാണത്. ഒപ്പം എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടവും. ഇതിലും ശ്രേഷ്ഠമായ മറ്റൊരു പ്രാർത്ഥനാ മാർഗ്ഗവും ഇല്ല" (ലിയോ പതിമൂന്നാമൻ മാർപാപ്പ)
13. "യഥാർത്ഥ ക്രിസ്തീയ പരിപൂർണ്ണതയുടെ ഒരു വിദ്യാലയമാണ് ജപമാല പ്രാർത്ഥന" (വി. ജോൺ 23-ാം മാർപാപ്പ)

ഏറ്റവും പ്രിയമുള്ള കൂട്ടുകാരേ, ജപമാലയുടെ അത്ഭുതശക്തിയെപ്പറ്റി സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വിശുദ്ധരുടെയും മാർപാപ്പമാരുടെയും വാക്കുകളാണ് നാം കണ്ടത്. നമ്മുടെ ഏത് പ്രശ്നങ്ങളിലും, പ്രതിസന്ധികളിലും ഏറ്റവും ശക്തമായ ആയുധം നമ്മുടെ കൈകളിൽ തന്നെയുണ്ട്. അത് ജപമാലയെന്ന അമ്പത്തിമൂന്നുമണി ജപമാണ്.

ഒരുനിമിഷം നമ്മുക്ക് ചിന്തിക്കാം.

നമ്മുടെ യാത്രാവേളകളിലും ഒഴിവ് സമയങ്ങളിലും ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ നമ്മുക്ക് അവസരമുണ്ടായിട്ടും മറ്റുള്ളവർ എന്തുവിചാരിക്കുമെന്ന് ചിന്തിച്ച് നാം നിസംഗത പുലർത്തിയിട്ടുണ്ടോ? "നമ്മൾ ഇതുവരെയും എങ്ങനെ ആയിരുന്നു എന്നതിലല്ല ഇനിമുതൽ എങ്ങനെയാണ് എന്നതാണ് പ്രധാനം." ഇനി മുതൽ ജപലമാല ചൊല്ലുവാൻ സമയം മാറ്റിവയ്ക്കാം, മടികൂടാതെ, നാണക്കേട് വിചാരിക്കാതെ, ഹൃദയപൂർവ്വം ജപമാല ചൊല്ലുവാൻ നമ്മുക്ക് സാധിക്കാട്ടെ.

# മാലയിൽ കൊരുത്ത സുവിശേഷം

**ബീന വിൻസെന്റ്, സെന്റ് മേരീസ് യൂണിറ്റ്**

ജപമാലയെക്കുറിച്ച് വി. ചാവറയച്ചൻ പറഞ്ഞിരിക്കുന്നത് "ജപമാലയിൽ കൊരുത്ത സുവിശേഷം എന്നത്രേ. ജപിക്കാനുള്ള മാലയാണ് ജപമാല. (**Rosarium**) എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് **Rosery** എന്ന വാക്കുണ്ടായത്. ഈ വാക്കിന്റെ അർത്ഥം റോസാപ്പൂക്കൾ കോർത്തുണ്ടാക്കിയ മാല എന്നാണ്. കൊന്തയിലെ ഓരോ പ്രാർത്ഥനകളും ബൈബിളധിഷ്ഠിതവും ക്രിസ്തുകേന്ദ്രീകൃതവും പരിശുദ്ധാത്മാവ് പഠിപ്പിച്ചതുമാണ്. ജപമാല ഭക്തി ആദ്യം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തത് വി. ഡൊമിനിക്ക് ആണ്. ഇന്നത്തെ രീതിയിലുള്ള ജപമാല തിരുസഭയ്ക്ക് ലഭിച്ചത് 1214ൽ ആണ്,

ജപമാലയിലെ പ്രാർത്ഥനകൾ

1. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന ഈശോ നേരിട്ട് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണ്.

2. നന്മനിറഞ്ഞ മറിയമേ... എന്ന പ്രാർത്ഥന മംഗളവാർത്തയുടെ സമയത്ത് ഗബ്രിയേൽ ദൈവദൂതൻ പരിശുദ്ധ അമ്മയെ അഭിവാദനം ചെയ്തതും എലിസബത്ത് മറിയത്തെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞ വാക്കുകളും ചേർന്നുണ്ടായതാണ്. 13-ാം നൂറ്റാണ്ടിൽ ഉടനീളം പ്ലേഗുബാധ മൂലം അനേകായിരങ്ങൾ മരിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളുടെ മരണം ഏതുനിമിഷവും സംഭവിക്കാം എന്ന ഭയാശങ്കയിൽ കഴിഞ്ഞ ജനത്തിനുവേണ്ടി തിരുസഭ കൂട്ടിച്ചേർത്ത പ്രാർത്ഥനയാണ് പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ എന്ന ഭാഗം.

ത്രിത്വസ്തുതി - പ്രാർത്ഥനകൾ സാധാരണയായി ത്രിത്വസ്തുതിയോടുകൂടി അവസാനിപ്പിക്കുന്ന പതിവ് ഓരോ ദശകത്തിന്റെയും അവസാനത്തിൽ സ്വീകരിച്ചിരുന്നു. ജപമാലയിൽ ത്രിത്വസ്തുതി കൂട്ടിച്ചേർത്തത് വി. ലൂയിസ് ഡി മോൺ ഫോർട്ട് ആണെന്ന് കരുതപ്പെടുന്നു. ഓ, എന്റെ ഈശോയെ..... ഫാത്തിമായിൽ പരിശുദ്ധ അമ്മയെ കാണുവാൻ ഭാഗ്യം ലഭിച്ച കുട്ടികളെ ദർശന സമയത്ത് പരിശുദ്ധ അമ്മ പഠിപ്പിച്ച പ്രാർത്ഥനയാണിത്.

ലുത്തിനിയ.... കന്യകാംബയുടെ അപദാനങ്ങളെപ്പറ്റി പ്രകീർത്തിക്കുന്ന ലുത്തിനിയ ബൈബിളിലെ സുപ്രധാന വാക്യങ്ങളിൽ നിന്നും രൂപം കൊണ്ടവയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിലെ പരാമർശങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്.

ജപമാല ലളിതമനോഹരവും ഏവർക്കും സുസാധ്യവുമായ പ്രാർത്ഥന. ജപമാല ആത്മാവിന്റെ കാനോന നമസ്കാരമാണ്. പരിശുദ്ധ കന്യകയിലൂടെ നമ്മുടെ അർത്ഥനകൾ സമർപ്പിക്കപ്പെടുക കൂടുതൽ അഭികാമ്യമാണ്. ലോകപരിത്രാണാർത്ഥം

സംഭവിച്ച മനുഷ്യാവതാര രഹസ്യത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സുവിശേഷ പ്രാർത്ഥനയെന്ന നിലയിൽ ജപമാല നിശ്ചയമായും ക്രിസ്ത്യോൻമുഖമായ പ്രാർത്ഥന തന്നെ. നന്മനിറഞ്ഞ മറിയമേ എന്ന ജപമാണ് വാസ്തവത്തിൽ ജപമാലയുടെ സ്വർഗ്ഗീയ ഘടകം. ക്രിസ്തുവിനു ഇടതടവില്ലാതെ നല്കുന്ന സ്തുതിയാണ് ഈ ജപം.

ജപമാലയെന്ന വജ്രായുധം കൊണ്ട് പടപൊരുതി പാപശക്തികളെയും തിന്മയുടെ ശക്തികളെയും പരാജയപ്പെടുത്താം. പരിശുദ്ധ ജപമാല രാജ്ഞി ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ.

നമുക്കും ജപമാലയാകുന്ന ആയുധം കൈകളിലെടുക്കാം. നാം ഓരോരുത്തർക്കും വേണ്ടിയും കുടുംബാംഗങ്ങൾക്കുവേണ്ടിയും ലോകസമാധാനത്തിനും, തിരുസഭയ്ക്കും പ്രകൃതിദുരന്തം അനുഭവിക്കുന്നവർക്കുവേണ്ടിയും നമ്മുക്ക് ഒത്തൊരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാം, ആമ്മേൻ.

ഫൊറോന തലത്തിൽ
അരണാട്ടുക്കര
സെന്റ് തോമസ് ചർച്ചിൽ നടന്ന
അൾത്താര സംഘം
ജൂനിയർ വിഭാഗം
പ്രസംഗ മത്സരത്തിൽ
മൂന്നാം സ്ഥാനം നേടിയ
ജോസഫ് ജോർജ്ജിന്
ഇടവകയുടെ അഭിനന്ദനങ്ങൾ



ഫൊറോന തലത്തിൽ
അരണാട്ടുക്കര
സെന്റ് തോമസ് ചർച്ചിൽ നടന്ന
അൾത്താര സംഘം
സീനിയർ വിഭാഗം
പ്രസംഗ മത്സരത്തിൽ
ഒന്നാം സ്ഥാനം നേടിയ
**അവിൻ തറയിലിന്**
ഇടവകയുടെ അഭിനന്ദനങ്ങൾ



# കാവൽ മാലാഖ

- നൈന ഷാജു.
സെന്റ് ആന്റണി യൂണിറ്റ്

അപ്രതീക്ഷിതമല്ലെങ്കിലും യാദൃശ്ചികമായിരുന്നു ആ യാത്ര. ബന്ധങ്ങൾ കാത്തുസൂക്ഷിക്കാനുള്ള യാത്ര എന്ന് പറയുന്നതാവും കൂടുതൽ ശരി. വഴി നിശ്ചയം ഉണ്ടായിരുന്നെങ്കിലും, റോഡ് പണി, പാലം പണി എല്ലാംകൂടി ഗൂഗിളിനെ ഏൽപ്പിച്ചു യാത്രയുടെ മേൽനോട്ടം.

കുതിരാന്റെ മനോഹാരിതയും, മനുഷ്യന്റെ അദ്ധ്വാനത്തിന്റെ കരവിരുതും, ആസ്വദിച്ച് യാത്രതുടർന്നു. ഗൂഗിൾ തിരിക്കാൻ പറഞ്ഞിടത്തെല്ലാം, തിരിച്ചു. വള യ്ക്കാൻ പറഞ്ഞിടത്തെല്ലാം വളച്ചു. പക്ഷെ ഏതോ ഒരു ദുർബ്ബല നിമിഷത്തിൽ അവൾ ഞങ്ങളെ ചതിച്ചു.

ഒരു ഇടുങ്ങിയ വഴിയിൽ മനുഷ്യവാസം ഇല്ലാത്ത ഒരു സ്ഥലത്ത് എത്തിയ പ്പോൾ ലക്ഷ്യസ്ഥാനം എത്തിയെന്ന് അവളുടെ കളകൂജനം. പോകാനുള്ളിടത്തേക്ക് വിളിച്ചപ്പോൾ ഞങ്ങൾ എവിടെ നിൽക്കുന്നു പോലും പറയാൻ പറ്റാത്ത അവസ്ഥ.

"എത്രയും ദയയുള്ള മാതാവെ" അതുതന്നെ ആശ്രയം. ഭാഗ്യം ഒരു സ്കൂട്ടർ യാത്രക്കാരൻ രക്ഷക്കെത്തി, ഞങ്ങളുടെ വേവലാതി അയാളെ ബോധിപ്പിച്ചു. മനസ്സി ലാക്കിയിടത്തോളം ഒരു മൂന്നുകിലോമീറ്ററിലധികം സഞ്ചരിച്ചാലെ അങ്ങോട്ടുള്ള വഴി യിൽ എത്തിച്ചേരാനാവൂന്ന് മനസ്സിലായി. ചുരുക്കിപ്പറയട്ടെ ഞങ്ങളെ അദ്ദേഹം ഈ മൂന്നുകിലോമീറ്ററോളം അനുധാവനം ചെയ്തു. അദ്ദേഹത്തിന് ഇനിയും അത്രയും ദൂരം തിരിച്ചു യാത്രചെയ്യണം. ഞങ്ങളുടെ നന്ദി കേൾക്കാൻ നിൽക്കാതെ ഒരു ചെറു പുഞ്ചിരിയോടെ അയാൾ യാത്രയായി.

നാട്ടിൻപുറത്തിന്റെ മേന്മ എന്നെല്ലാം പറഞ്ഞ് ഈ സംഭവത്തെ നാം നിസ്സാര വൽക്കരിച്ചേക്കാം.

"ഉന്നതത്തിൽ വസിക്കുന്ന ദൈവം നിന്റെ മാർഗ്ഗം ശുഭമാക്കും. അവിടുത്തെ ദൂതൻ നിന്നെ കാത്ത്കൊള്ളും" തോബിത് 5:16.

ദൈവത്തിന്റെ ഈ കരുതൽ ആസ്വദിക്കുകയായിരുന്നു ഞങ്ങൾ. അവി ടുന്ന് നമ്മുടെ നിസ്സാരകാര്യങ്ങളിലും. അതീവ ശ്രദ്ധാലുവാണ്. ഇത് എന്റെ മാത്രം അനുഭവമല്ല എന്നെനിക്കറിയാം. ഓരോ ദിവസവും, ദൈവം തന്റെ ദൂതരെ അയച്ച് സംരക്ഷിക്കുന്നതിന്റെ കഥകൾ ഓരോരുത്തർക്കും പറയാനുണ്ടാകും. സങ്കട ത്തിന്റെ നിമിഷങ്ങളിൽ ചേർത്ത് പിടിക്കുന്നവനായും, ഒറ്റപ്പെടലിന്റെ ഏകാന്തത യിൽ കൂട്ടായി നിൽക്കുന്നവനുമായ ദൈവത്തിന്റെ കരുതലിനെ നമുക്ക് തിരിച്ച

റിയാം. ഈ അത്ഭുതങ്ങൾ മതിയെന്നെ നമ്മുടെ മുന്നോട്ടുള്ള യാത്ര ആനന്ദപ്രദമാക്കാൻ.

എറണാകുളത്തെ മടവനയിൽ നടന്ന ദിവ്യകാരുണ്യ അത്ഭുതം എന്നും വിശുദ്ധ കുർബ്ബാനയിൽ നടക്കുന്നതല്ലെ. നാം അത് പലപ്പോഴും തിരിച്ചറിയാതെ പോകുന്നുണ്ടോ. നമ്മുടെ ജീവിതത്തിൽ ദൈവം നമ്മോടു കൂടെ ഉണ്ടെന്ന മഹാത്ഭുതം നമുക്ക് തിരിച്ചറിയാം. 'നിന്റെ വഴികളിൽ നിന്നെ കാത്ത് പാലിക്കാൻ അവിടുന്ന് നിന്റെ ദൂതരോട് കൽപ്പിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചു കൊള്ളും." സങ്കീ. 91:11-12.

ദൈവം അനുഗ്രഹിക്കട്ടെ ആമ്മേൻ.

# വചന വിചിന്തനം

***ലാസർ സംസ്കരിക്കപ്പെട്ടിട്ടു നാലുദിവസമായെന്ന് യേശു അവിടെയെത്തിയപ്പോൾ അറിഞ്ഞു. (യോഹ 11:17)***

സംസ്കരിക്കപ്പെട്ടിട്ട് എല്ലാവരുടെയും പ്രതീക്ഷകൾ അവസാനിച്ചപ്പോൾ മാത്രമാണ് അവനെത്തുന്നത്. കൂടുതലൊന്നും ഇനി സംഭവിക്കാനില്ല എന്നുള്ള മനുഷ്യധാരണകൾ കർത്താവ് തിരുത്തുന്നു. അവൻ എന്തിനും മതിയായവൻ ആണ്. നാലുദിവസം, യഹൂദരുടെ വിശ്വാസമനുസരിത്ത് ഒരാൾ മരിച്ചാൽ മൂന്നുദിവസം ആത്മാവ് ശരീരത്തിൽ പ്രവേശിക്കാൻ ശ്രമിക്കുകയും നാലാംദിവസം പൂർണ്ണമായും വിട്ടുപോവുകയും ചെയ്യും. നമ്മുടെ വിശ്വാസങ്ങളും അറിവുകളും അവന്റെ മുൻപിൽ നിഷ്പ്രഭമാണ്. എത്തിച്ചേർന്നപ്പോൾ; അവൻ എത്തിച്ചേരുന്നത് ഒരിക്കലും വൈകിയല്ല നേരത്തെയുമല്ല. അവൻ എത്തുന്നതാണ് സമയം. **He is on time**

## ദിവ്യകാരുണ്യമൊഴി

ദൈവത്തിന് തന്റെ സർവ്വശക്തിയുടെ കാര്യത്തിലാണെങ്കിലും തന്റെ ജ്ഞാനത്തിന്റെ കാര്യത്തിലാണെങ്കിലും അവന്റെ സമ്പന്നതയുടെ കാര്യത്തിലാണെങ്കിലും കൂടുതൽ എന്തു നൽകാൻ കഴിയുമെന്ന് അറിയില്ല. ദിവ്യകാരുണ്യത്തെക്കാളും വലുതായി അവിടുത്തേക്ക് നൽകാൻ മറ്റൊന്നും തന്നെയില്ലായിരുന്നു. **(വിശുദ്ധ അഗസ്റ്റിൻ)**

"ദൈവഭയത്തിലും, വിശ്വാസത്തിലും ഒരാൾ എത്രയധികം ആത്മാർത്ഥമായി സ്ഥിരപ്പെടുന്നുവോ അത്രയ്ക്ക് അധികമായിരിക്കും പരീക്ഷണങ്ങളും അതിലേറെ അനുഗ്രഹങ്ങളും" **(ലീമായിലെ വി. റോസ്)**

വൃക്ഷം അതിന്റെ ഫലത്താൽ അറിയപ്പെടുന്നു. ഒരു മനുഷ്യൻ അവന്റെ പ്രവൃത്തികളാലും. സൽക്കർമ്മം ഒരിക്കലും ഒരു നഷ്ടമേയല്ല. മര്യാദ വിതയ്ക്കുന്നവൻ സൗഹൃദം കൊയ്യുന്നു. ദയ നട്ടുവളർത്തുന്നവൻ സ്നേഹം ശേഖരിക്കുന്നു.

**(വിശുദ്ധ ബേസിൽ ദി ഗ്രേറ്റ്)**

# സംഘടനാ വാർത്തകൾ

## മാതൃവേദി

മാതൃവേദിയുടെ 46-ാം വാർഷികാഘോഷം സെപ്റ്റംബർ 8 മാതാവിന്റെ ജന്മത്തിരുന്നാളിനോട് അനുബന്ധിച്ച് ആഘോഷിച്ചു ഏഴാം തീയതി ശനിയാഴ്ച എല്ലാ അംഗങ്ങളും സഹകരിച്ച് ഭക്ഷണം പാകം ചെയ്തു വികാരിയച്ചനും ആനി മേറ്റർ മദർ സുപ്പീരിയർ റവ. സി. അനിത സിസ്റ്ററും ഒപ്പം ഭക്ഷണം കഴിച്ചു അതിനുശേഷം അമ്മമാർക്ക് മത്സരങ്ങൾ നടത്തി അതിൽ വിജയികളായവർക്ക് മൂന്നു മണിക്ക് നടന്ന മീറ്റിങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

മൂന്നുമണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രസിഡണ്ട് എല്ലാവരെയും സ്വാഗതം ചെയ്തു അതിരൂപത മാതൃവേദി അസിസ്റ്റൻറ് ഡയറക്ടർ ഫാദർ അനീഷ് കുത്തൂർ, അതിരൂപത മാതൃവേദി പ്രസിഡൻറ് എൽ. സി വിൻസൻറ് എന്നിവർ സന്നിഹിതരായിരുന്നു മാതൃവേദി ഡയറക്ടർ ഫാദർ വർഗീസ് എടക്കളത്തൂർ അധ്യക്ഷനായിരുന്നു സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു ട്രഷറർ ഒരു വർഷത്തെ കണക്ക് വായിച്ചു.

ക്രിസ്തീയ കുടുംബങ്ങളിൽ അംഗസംഖ്യ കുറയുന്നതിനുപറ്റി ആകാംക്ഷയോടെയാണ് ഫാ. അനീഷ് പുത്തൂരും എൽസി വിൻസെന്റ് സംസാരിച്ചത്. വനിത കാർഷിക അവാർഡ് നേടിയ മേരി രാജുവിനെയും ലോഗോസ് ക്വിസിൽ ഉന്നത വിജയം കരസ്ഥമാക്കിയ ലൂസി ജോയ്, ഡെയ്സി അന്തപ്പൻ എന്നിവരെയും സമ്മാനങ്ങൾ നൽകി ആദരിച്ചു. കലാപരിപാടികൾക്കുശേഷം മേരി ലാസർ നന്ദി പറഞ്ഞു. യോഗം വൈകീട്ട് 5.00 ന് അവസാനിച്ചു.എട്ടാം തീയതി ഞായറാഴ്ച മാതൃവേദിയിലെ അമ്മമാരും ലിജിയൻ ഓഫ് മേരി സംഘടനയും ചേർന്ന് കാഴ്ച സമർപ്പണവും നേർച്ച വിതരണവും നടത്തി കുർബാനയ്ക്കു ശേഷം മാതൃവേദിയിലെ അമ്മമാർ അച്ചന്റെ നേതൃത്വത്തിൽ പതാക ഉയർത്തി

**മേരി രാജു, സെക്രട്ടറി**

## വിൻസെന്റ് ഡി. പോൾ വാർത്തകൾ

08-09-2024ന് വിൻസെന്റ് ഡി പോൾ അംഗങ്ങൾ സംയുക്തമായി കുടുംബാംഗങ്ങളോടെ ബഹു. വികാരി വർഗ്ഗീസച്ചന്റെ നേതൃത്വത്തിൽ പുല്ലഴി സെന്റ് ജോസഫ് ഭവൻ സന്ദർശിച്ചു. ഡയറക്ടർ റവ. ഫാ. രാജു അക്കര എല്ലാവരേയും ഹാർദ്ദവമായി സ്വീകരിച്ചു. അച്ചന്മാരുടെ ഹ്രസ്വമായ പ്രസംഗങ്ങൾക്കുശേഷം അംഗങ്ങളുടെ കലാപരിപാടികളും കുടുംബാംഗങ്ങളുടെ ഡാൻസും, ഗാനങ്ങളും നസ്നീ തോമസിന്റെ ഇൻസ്ട്രുമെന്റൽ മ്യൂസിക്കും പരിപാടികൾക്ക് മിഴിവേകി. അതോടൊപ്പം അന്തേവാസികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. ഓർഫനേജിലേക്ക് അത്യാവശ്യമായ പലച്ചരക്ക് സാധനങ്ങൾ നൽകുകയുണ്ടായി എല്ലാവരും വിഭവസമൃദ്ധമായ ഓണസദ്യയിലും പങ്കെടുത്തു. ഒടുവിലെത്തെ ഇനമായ നന്ദി പ്രകാശനത്തോടെ പരിപാടികൾക്ക് തിരശ്ശീല വീണു. അങ്ങിനെ, 2024 ലെ ഓണം ഒരവിസ്മരണീയ ദിനമായി

**സെക്രട്ടറിമാർ ജോർജ്ജ് സി.ആർ/ ബെന്നി പോൾ.**

# വെളിച്ചമാകാനും വെളിച്ചമേകാനും

വചനത്തിൽ ജീവിക്കുമ്പോൾ വെളിച്ചമാകാനും വെളിച്ചമേകാനും സാധിക്കും. വചനം വായിക്കുകയും പഠിക്കുകയും ചെയ്യുന്ന നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം വചനത്തിൽ ജീവിക്കുക എന്നുള്ളതാണ്. ലോകത്തിന്റെ പ്രശംസയേക്കാൾ ഈശോയോടുള്ള സ്നേഹത്താൽ പ്രേരിതരായി സദാ നന്മ ചെയ്തുകൊണ്ടായിരിക്കണം അത്. അതുവഴി മററുള്ളവരും ദൈവത്തെ മഹത്വപ്പെടുത്താനിടവരും. ' നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് ആരെങ്കിലും ഈശോയിൽ വിശ്വസിച്ചാൽ അവനിൽ പ്രകാശമുണ്ടായിരിക്കും. വിശ്വാസി മറ്റുള്ളവർക്ക് പ്രകാശഗോപുരമായിരിക്കണം. പീഠത്തിൽ വെച്ച വിളക്കാകണം. ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുത്തെ ആത്മാവ് നമ്മിൽ പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് നമ്മൾ വിളക്കായി മാറുന്നത്. സമൂഹത്തിൽ സാധാരണജീവിതം നയിക്കുന്ന നമ്മുടെ വിശ്വാസം ലോകത്തിന് വെളിപ്പെട്ടെന്ന് വരില്ല. ആരും അറിഞ്ഞെന്ന് വരില്ല. പക്ഷേ നമ്മളായിരിക്കുന്നിടത്ത് നമ്മളറിയാതെ അത് പ്രകാശം പരത്തും. ജീവിത പങ്കാളിയിൽ, മക്കളിൽ, സുഹൃത്തുക്കളിൽ, നാം ഇടപെടുന്ന അന്യമതസ്ഥരിൽ പോലും ചലനങ്ങൾ സൃഷ്ടിക്കും. ദൈവീകമായ ജീവിതവും പ്രവർത്തനവും വഴിയാണ് അത് സംഭവിക്കുക..

വി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ "ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല." ആദ്യത്തെ രക്തസാക്ഷിയായ സ്റ്റീഫനെ കല്ലെറി ഞ്ഞുകൊല്ലുമ്പോൾ അതിന് സാഷ്യം വഹിക്കാൻ നിന്ന സാവൂൾ പൗലോസായി മാറിയതുപോലെ പലരും മാറ്റത്തിന് വിധേയരാകും. മെഴുകുതിരിക്ക് വെളിച്ചം സ്വീകരിച്ചാലേ തെളിയാൻ സാധിക്കൂ. ഒരിക്കൽ സ്വീകരിച്ചാൽ പ്രകാശം അതിന്റെ സ്വന്തമായി. പിന്നെ അത് പ്രകാശം പരത്തികൊള്ളും. ആദ്യം ക്രിസ്തു പ്രകാശമായി നമ്മിൽ വരുമ്പോൾ പിന്നീടെല്ലാം പ്രകാശിച്ചുകൊള്ളും.

നമ്മൾ പാടാറുണ്ടല്ലോ 'ഈശോയ്ക്കുവേണ്ടിയാണ് എല്ലാം ചെയ്യുന്നതെങ്കിൽ മനസിൽ ആശങ്കവേണ്ട" എന്ന്. എല്ലാം ദൈവമഹത്വത്തിനായി ചെയ്യാനാണ് വി. പൗലോസ് ശ്ലീഹ ആഹ്വാനം ചെയ്യുന്നത്. ഈശോയോട് ഐക്യപ്പെട്ട് നിന്നുകൊണ്ട് ചെയ്യുന്ന പ്രവൃത്തികൾ ഫലം ചൂടുക തന്നെ ചെയ്യും. എന്നും ഫലം കായ്ക്കുന്ന ആറ്റുതീരത്തു നട്ടവൃക്ഷം പോലെയായിരിക്കും ആ വ്യക്തിയുടെ ജീവിതം. ലോകത്തിന്റെ പ്രശംസയും തലോടലുമല്ല നമ്മെ നയിക്കേണ്ടത്. "അഭിമാനിക്കുന്നവൻ

കർത്താവിൽ അഭിമാനിക്കട്ടെ." എന്തെന്നാൻ തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല. കർത്താവ് പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ നമ്മുടെ പ. അമ്മ ഇളയമ്മയായ ഏലീശ്വായെ സന്ദർ ശിക്കുവാൻ തിടുക്കത്തിൽ പോയി. പ. അമ്മയുടെ അഭിവാദനം കേട്ട ക്ഷണം ഏലീശ്വായുടെ ഉദരത്തിലെ ശിശു കുതിച്ചുചാടി. പ.അമ്മ സ്വയം വെളിച്ചമാകാനും വെളിച്ചമേകാനുമാണ് പോയത്.

വചനം ജീവിതഗന്ധിയാകുന്നത് എങ്ങനെയെന്ന് സങ്കീർത്തകൻ പറഞ്ഞുതരുന്നുണ്ട്. വചനം സ്വജീവിതത്തിൽ പകർത്തുമ്പോഴുള്ള അനുഭവമാണ് സങ്കീർത്തനം 119. വചനത്തോടുള്ള നമ്മുടെ മനോഭാവം എന്താണെന്ന് നമുക്ക് ആത്മശോധന ചെയ്യാം. ദൈവം കഴിവുള്ള വരെയല്ല വിളിക്കുന്നത്. വിളിച്ചവരെ കഴിവുള്ളവരാക്കുകയാണ് ചെയ്യുന്നത്. കുറവുകളെണ്ണി വിഷമിക്കാതെ വചനാനുസൃത ജീവിതം നയിച്ച് മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും സ്വയം പ്രകാശിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുശിഷ്യരാകാൻ നമുക്ക് ശ്രമിക്കാം.

വചനങ്ങൾ കോർത്ത ജപമാല കൈയിലെടുത്ത് ജപമാലമാസത്തിൽ വചനം ഉദരത്തിലും ഹൃദയത്തിലും സംവഹിച്ച ജപമാലറാണിയുടെ കരം പിടിച്ച് മുന്നേറാം

**– ഡേവീസ് തേറാട്ടിൽ, ഹോളിഫാമിലി യൂണിറ്റ്**

## കുരിശി (+)ൽ എഴുതിയ INRI എന്ന വാക്കിനർത്ഥം എന്താണ്?

"യഹൂദൻമാരുടെ രാജാവായ യേശു" (മത്തായി 27:37) എന്ന പരിഹാസമായിരുന്നു ഇത്. യേശുവിന്റെ കുരിശിലെ മേലെഴുത്ത് നിർദ്ദേശിച്ചതും. മൂന്ന് ഭാഷകളിൽ അത് പ്രദർശിപ്പിക്കണമെന്ന് ഉത്തരവിട്ടത് പീലാത്തോസായിരുന്നു. എല്ലാവർക്കും വായിക്കുന്നതിന് വേണ്ടിയിട്ടായിരുന്നു. 3 ഭാഷകളിൽ പ്രദർശിപ്പിക്കണമെന്ന് ഉത്തരവിട്ടത്. എന്നാൽ യേശുവിന്റെ കുരിശിലെ മേലെഴുത്തിനെ ചൊല്ലി യഹുദപ്രമാണികൾ സ്വരമുയർത്തിയെന്ന് വി. യോഹന്നാന്റെ സുവിശേഷത്തിൽ പറയുന്നുണ്ട്. യേശുവിനെ കുരിശിൽ തറച്ചസ്ഥലം നഗരത്തിനുസമീപമാകയാൽ അനേകം യഹൂദന്മാർ ഈ മേലേഴുത്ത് വായിച്ചു.

അത് ഹെബ്രായ, ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകളിലായിരുന്നു എഴുതിയിരുന്നത്. പീലാത്തോസ് എഴുതിയ ഈ മേലെഴുത്തിന്റെ ചുരുക്കരൂപമാണ് ഇന്ന് നാം ക്രൂശിതരൂപങ്ങളിൽ കാണുന്ന INRI "Iesus Nazarenus Rex Ivdaeorum അഥവാ യഹൂദൻന്മാരുടെ രാജാവായ നസ്രായനായ യേശു എന്ന ലാറ്റിൻ പരിഭാഷയുടെ ചുരുക്കെഴുത്താണ് INRI.

*മരിയനാദം കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാ സാഹിത്യ മത്സരത്തിൽ വിശ്വാസപരിശീലന 8 ക്ലാസ്സു മുതൽ 10 – ാം ക്ലാസുവരെയുള്ള വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ*

# സഹായഹസ്തമായി സുഹൃത്ത്

ഇന്നത്തെ യാത്ര വളരെ പ്രാധാന്യം ഉള്ളതാണ് മനസ്സുനിറയെ സന്തോഷത്തോടും ആകാംഷയോടും കൂടി ബസ്സിൽ കയറി, ജനാലക്കടുത്തുള്ള സീറ്റിൽ ഇരുന്ന് ഞാൻ കണ്ണുകളടച്ചു. കഴിഞ്ഞ രണ്ടു വർഷക്കാലം ഒരു സിനിമ പോലെ മനസ്സിലേക്ക് കടന്ന് വന്നു... രണ്ടുവർഷം മുൻപ് ഓഫീസിലെ കാണാതായ ഒരു ഫയൽ കണ്ടെടുക്കുന്നതിനുവേണ്ടി ഒരു പരാതി നൽകാൻ പോലീസ് സ്റ്റേഷനിൽ കയറിയാണ് പരാതി നല്കി തിരിഞ്ഞപ്പോൾ ലോക്കപ്പിൽ വളരെ പരിചയമുള്ള ഒരു മുഖം ഞാൻ കണ്ടു. സൂക്ഷിച്ച് നോക്കിയപ്പോൾ - അതെ, വർഷൾക്ക് മുമ്പ് എന്നോടൊപ്പം വേദോപദേശം പഠിച്ച എബി. പഠനത്തിലും കായികത്തിലും കലയിലുമെല്ലാം എന്നും ഒന്നാമനായിരുന്നവൻ. വികാരിയച്ചന്റെ പ്രിയപ്പെട്ട അൾത്താരബാലനും ഇടവക ജനങ്ങളുടെ കണ്ണിലുണ്ണിയുമായിരുന്ന എന്റെ ബാല്യകാല സുഹൃത്ത് ഇന്ന് അഴിക്കുള്ളിൽ കിടക്കുന്നത്. വിശ്വസിക്കാൻ പറ്റാത്ത ഒരു കാഴ്ച തന്നെയായിരിന്നു. ഞാൻ അവിടുത്തെ പോലീസ്കാരനോട് ചോദിച്ചു എബിയെപ്പറ്റി "ഓ അത് ജീവിതം മടുത്ത കേസ് ആണ്. ഇന്നലെ രാത്രി റെയിൽവേ ട്രാക്കിൽ തലവെയ്ക്കാൻ പോവുകയായിരിന്നു. ഇനി ഉത്തരവാദിത്വത്തപ്പെട്ട ആരേലും വന്ന് ഒപ്പിട്ടാലേ പറഞ്ഞയക്കാൻ ആവൂ." ഇതായിരുന്നു പോലീസ് ഉദ്യേഗസ്ഥന്റെ മറുപടി. 'ആത്മഹത്യ', ക്രിസ്ത്യാനികൾക്ക് മാരകപാപമായ ഇത് ചെയ്യാൻ എബി മുതിർന്നെങ്കിൽ അതിനു പിന്നിലുള്ള കാരണം എന്താകും എന്ന് ഞാൻ ചിന്തിച്ചു. അവനെ ആ അവസ്ഥയിൽ അവിടെ ആക്കിയിട്ട് പോരാൻ എന്റെ മനസ്സ് അനുവദിച്ചില്ല. അവന്റെ പൂർണ്ണ ഉത്തവാദിത്വം ഏറ്റെടുത്ത് ഞാൻ അവനെ എന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു. എന്റെ അമ്മ അവനെ പൂർണ്ണമനസ്സോടെ സ്വീകരിച്ചു. എങ്കിലും എബിക്ക് ഞങ്ങൾ ആദ്യത്തെ രണ്ടുമൂന്നു ദിവസം അപരിചിതരെ പോലെയായിരുന്നു. അവൻ ഞങ്ങളോട് ഒന്നും സംസാരിച്ചില്ല. അത് എന്റെ ആശങ്ക വർദ്ധിപ്പിച്ചു. അവൻ മയക്കുമരുന്നിനോ മറ്റും അടിമയാണോയെന്ന് ചിന്തിപ്പിച്ചു. പള്ളിയിൽ പോകാൻ വിളിച്ചപ്പോൾ അവൻ കൂട്ടാക്കിയില്ല. ഒരിക്കൽ കൈവിട്ട ദൈവത്തെ ഇനി അവന് കാണണ്ട എന്നായിരുന്നു അവന്റെ വാദം. ഒരുരാത്രി അവൻ പൊട്ടിക്കരയുന്നത് കണ്ട് ഞാൻ അവനെ ആശ്വസിപ്പിച്ചുകൊണ്ട് ചോദിച്ചു. "കുഞ്ഞുനാളിൽ ഞാൻ പ്രാർത്ഥന കാര്യങ്ങളിൽ അലസത കാണിക്കുമ്പോൾ നിർബന്ധിച്ച് നേർവഴി കാണിച്ച നീ ഇന്ന് ഈ നിലയിലാകാൻ എന്താണ് സംഭവിച്ചത്?" ഒരു വിങ്ങലോടെ

അവൻ പറഞ്ഞു : "എന്റെ അമ്മ മരിച്ചു. അല്ല കൊന്നു... എന്റെ അപ്പൻ. ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല ആ ദുരന്തം. അപ്പൻ മദ്യപിക്കുമായിരുന്നു. വീട്ടിൽ കലഹമുണ്ടാക്കുകയും ചെയ്യാറുണ്ട്. പക്ഷെ അന്ന്.... ഞാൻ അകത്തിരുന്ന് പഠിക്കുകയായിരുന്നു. നിലവിളി കേട്ട് അമ്മയുടെ അടുത്തേക്ക് ഓടിയപ്പോഴേക്കും രക്തത്തിൽ കുളിച്ച് കിടക്കുന്ന ജീവനില്ലാത്ത അമ്മയെയാണ് ഞാൻ കണ്ടത്. ഒരു കഠാരയായി അപ്പനെയും. ആ കാഴ്ച എന്നിൽ എന്തോ, പിന്നിട് പഠിക്കാൻ പുസ്തകം തുറക്കുമ്പോഴെല്ലാം അമ്മയുടെ ജീവനില്ലാത്ത കണ്ണുകൾ മാത്രമാണ് ഞാൻ കണ്ടത്. അങ്ങനെ പഠനം പൂർത്തിയാണാനാവാതെ ഞാൻ വീണ്ടും ഒരു പരാജയമായി മാറി. അവന്റെ ഈ ഹൃദയം നടുക്കുന്ന അനുഭവം കേട്ട് എന്റെ കണ്ണുകൾ നിറഞ്ഞു. ഞാൻ അവനെ മാറോടുചേർത്ത് പിടിച്ച് പുതിയൊരു തുടക്കത്തിനായി ശ്രമിച്ചു കൂടെ എന്ന് ചോദിച്ചു.

എന്നാൽ ഒരു കൊലപാതകിയുടെ മകനാണ്, അപ്പന്റെ ആക്രമ സ്വഭാവം മകനും ലഭിച്ചിട്ടുണ്ടാകും എന്നെല്ലാം പറഞ്ഞ് വീട്ടുകാരും സുഹൃത്തുക്കളും അവനെ ഒറ്റപ്പെടുത്തിയിരുന്നു. അവനെ എങ്ങനെ സന്തോഷം നിറഞ്ഞ ഒരു ജീവിതത്തിലേക്ക് കൊണ്ടുവരാം എന്നറിയാതെ നിസ്സഹായനായി ഞാൻ അവനു വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. എന്റെ അമ്മച്ചി ചെറുപ്പത്തിൽ എനിക്കും എബിക്കും ധാരാളം വിശുദ്ധന്മാരുടെ കഥകൾ വായിച്ചുതരാറുണ്ട്. സിംഹക്കൂട്ടിലേക്ക് വലിച്ചെറിയപ്പെട്ടിട്ടും ദൈവത്തെ മുറുകെ പിടിച്ച് രക്ഷ നേടിയ ദാനിയേലിന്റേയും ജീവിത സഹനങ്ങൾ സന്തോഷത്തോടെ ഏറ്റുവാങ്ങി ഈശോയുടെ മണവാട്ടികളായി കഴിഞ്ഞ എവുപ്രാസ്യമ്മയുടെയും അൽഫോൻസാമ്മയുടെയുമെല്ലാം പുസ്തകങ്ങൾ ഞാൻ എബി താമസിക്കുന്ന മുറിയിൽ കൊണ്ടുവച്ചു. ആദ്യമൊന്നും അവൻ അത് വായിക്കാൻ തയ്യാറായില്ല. പിന്നീട് പതുക്കെ പതുക്കെ അവൻ അത് വായിച്ചു തുടങ്ങി. പിറ്റേന്ന് മുതൽ അവന്റെ മുഖത്ത് ഒരു പ്രാകാശമുണ്ടായിരുന്നു. അടുത്ത ഞായറാഴ്ച കുർബ്ബാനയ്ക്ക് അവനും വന്നോട്ടെ എന്ന് അവൻ ചോദിച്ചപ്പോൾ എന്റെ ഹൃദയം സന്തോഷംകൊണ്ട് നിറഞ്ഞു. അങ്ങനെ പള്ളിയിലെ വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും മറ്റുമെല്ലാം സംസാരിച്ച് അവൻ പതിയെ തന്റെ പഴയ ജീവിതം തിരിച്ചുപിടിക്കാൻ തുടങ്ങി. എബി കോളേജിലേക്ക് മടങ്ങി. പല രാത്രിയും അവൻ എന്നെ വിളിച്ച് അവിടുത്തെ കുട്ടികൾ അവനെ ഒറ്റപ്പെടുത്തുന്നു എന്ന് പറയാറുണ്ട്. അതിലൂടെയെല്ലാം ഞാൻ അവനെ സംസാരിച്ച് ആശ്വസിപ്പിച്ച് കൂടെ നടത്തി. എന്റെ അമ്മയോടും അവൻ നല്ല ഒരു അടുപ്പം ഉണ്ടാക്കിയെടുത്തു. ഇന്ന് എന്റെ യാത്ര അവന്റെ കോളേജിലേക്കാണ്, കാരണം ഇന്ന് അവന്റെ കോൺവോക്കേഷൻ നടക്കുകയാണ്.

അതെ രണ്ടുവർഷം മുമ്പ് സ്വന്തം ജീവിതം അവസാനിപ്പിക്കാൻ തയ്യാറെ

ടുത്ത എബി, രാത്രിയിൽ താൻ ഒറ്റയ്ക്കാണ് എന്ന് പറഞ്ഞ് എന്നെ കെട്ടിപിടിച്ച് കരഞ്ഞ എബി, ഇന്ന് മറ്റൊളുടെ ജീവൻ രക്ഷിക്കുന്ന ഡോക്ടർ ആയിത്തീരും. അവൻ എന്റെ സുഹൃത്താണെന്ന് പറയുമ്പോൾ എനിക്ക് അഭിമാനം തോന്നുന്നു. അവന്റെ ജീവിതത്തിലെ ക്ലേശങ്ങൾ മറികടക്കാൻ സഹായഹസ്തമായി എന്നെ അവന്റെ ജീവിതത്തിലേക്ക് അയച്ചു. നാളെ എനിക്കു വേണ്ടിയും അവൻ ഇപ്രകാരം ചെയ്യും. കാരണം ഞങ്ങളുടെ സൗഹൃദം ദൈവദാനമാണ്.

## നല്ല ചിന്തകൾ

അറിവിനുവേണ്ടി അറിവ് തേടുന്നവരുണ്ട് അതാണ് ജിജ്ഞാസ. മറ്റുള്ളവർ അറിയാൻ വേണ്ടി അറിവ് തേടുന്നവരുണ്ട് അതാണ് പൊങ്ങച്ചം. സേവനം ചെയ്യാനായി അറിവ് തേടുന്നവരുണ്ട് അതാണ് സ്നേഹം. (വി. ബെർനാഡ്)

10 നല്ല ചിന്തകൾ

1. പരദൂഷണം പറയരുത്
2. ഭക്ഷണം പാഴാക്കരുത്
3. മറ്റുള്ളവർക്കായ് സമയം കണ്ടെത്തുക.
4. ഷോപ്പിങ്ങിനായി വളരെ കുറച്ചുമാത്രം ചെലവഴിക്കുക.
5. പാവപ്പെട്ടവരെ സഹായിക്കുക
6. മറ്റുള്ളവരെ വിധിക്കാതിരിക്കുക
7. എതിർക്കുന്നവരോടൊപ്പം സൗഹാർദ്ദപൂർവ്വം പെരുമാറുക.
8. ഉത്തരവാദിത്വങ്ങൾ പ്രത്യേകിച്ച് കുടുംബജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ വേണ്ടവിധം നിർവ്വഹിക്കുക.
9. എല്ലാ കാര്യങ്ങളും ദൈവത്തോട് ചോദിക്കുക എന്നത് ഒരു ശീലമാക്കുക.
10. സന്തോഷത്തോടെയിരിക്കുക. (ഫ്രാൻസീസ് മാർപാപ്പ)

## ദിവ്യകാരുണ്യമൊഴി

നന്മകളുടെ നന്മയും പൂർണ്ണതയുടെ പൂർണ്ണതയുമായ ദൈവത്തിന് അർഹമായ ബഹുമാനം നൽകാൻ നാം ബാധ്യസ്ഥരാണ്. അവിടുത്തെ പരിശുദ്ധമായ സന്നിധാനം എത്രയോ അനുഗ്രഹീതം. നമ്മെ കൈപിടിച്ചു നടത്തുന്ന ആ വലിയ സ്നേഹത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ച് സ്തുതിച്ച് മഹത്വപ്പെടുത്തണം. വ്യക്തികളിലും വസ്തുക്കളിലും സ്വന്തം ഇഷ്ടത്തിലും കൂടുതൽ പ്രാധാന്യം കൊടുക്കാത്തവൻ വലിയ ഭാഗ്യവാൻ. (വി. മറിയം ത്രേസ്യാമ്മ)

# "ദൈവത്തിനൊരു സ്വപ്നം"

**ഡെയ്സി അന്തപ്പൻ, സെന്റ് മേരീസ് യൂണിറ്റ്**



അസ്സീസി നഗരത്തിലെ പ്രമുഖ ജൗളി വ്യാപാരിയായ പീറ്റർ ബർണാർഡിന്റെ ഭാര്യ പീക്കായ്ക്ക് പ്രസവവേദന കലശലായി. തത്സമയം പീറ്റർ സ്ഥലത്തില്ല. അദ്ദേഹം വ്യാപാരകാര്യങ്ങളുമായിട്ട് ഫ്രാൻസിലായിരുന്നു. അതുവഴിയെത്തിയ ഒരു തീർത്ഥാടകൻ പറഞ്ഞു: "സ്ത്രീയേ, അടുത്തുള്ള കാലിത്തൊഴുത്തിലേക്കു പോകൂ. അവിടെ കിടന്ന് വേദനകൂടാതെ നിങ്ങൾ പ്രസവിക്കും." അവളെ പരിചരിച്ചിരുന്ന സ്ത്രീകൾ ഒത്തുകൂടി പീക്കായെ കാലിത്തൊഴുത്തിലെത്തിച്ചു. കാലിത്തൊഴുത്തിലെ കച്ചവിരിപ്പിൽ പരിശുദ്ധ കന്യകാമറിയം യേശുവിനെ എന്നപോലെ പീക്കാ ഫ്രാൻസിസിന് ജന്മം നൽകി. 1182 സെപ്റ്റംബർ 26 - ാം തീയതി മധ്യ ഇറ്റലിയിലെ അംബ്രിയൻ പ്രോവിൻസിൽപ്പെട്ട മനോഹരമായ സുബാസിയോ മലഞ്ചെരുവികളിലെ ഒരു കൊച്ചുപട്ടണമാണ് അസ്സീസി. ചരിത്രത്തിന്റെ താളുകളിൽ ഇരുൾ വീണ കാലത്തായിരുന്നു ഫ്രാൻസിസിന്റെ ജനനം.

ക്രിസ്തുവിന് സമനായി ക്രിസ്തു മാത്രമേയുള്ളു. ക്രിസ്തുവിനെപ്പോലെ ജീവിക്കുവാൻ ശ്രമിച്ചവർ അനേകരുണ്ട്. എന്നാൽ ഫ്രാൻസിസ് ഇവരുടെയെല്ലാം മുൻപന്തിയിൽ തന്നെ. അതുകൊണ്ടാണ് ലോകചരിത്രകാരന്മാർ ഫ്രാൻസിസിനെ മറ്റൊരു ക്രിസ്തു എന്നുവരെ വിശേഷിപ്പിച്ചത്. ആ മഹാവിശുദ്ധൻ ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ പരിപൂർണ്ണമായി സാക്ഷാത്കരിച്ചു. ജീവിതം മുഴുവനും ക്രിസ്തുവമായി താദാത്മ്യം പ്രാപിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ക്രിസ്തുവിനെപ്പോലെ ജീവിക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും സാധിക്കുമെന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ഫ്രാൻസിസിന്റെ മാനസാന്തരത്തിനു കാരണമായ ദൈവത്തിന്റെ വിളി അദ്ദേഹം ശ്രവിച്ചു. യുവകോമളനായ അദ്ദേഹം ഹൃദയം നിറയെ സ്വപ്നങ്ങളുമായി അഹന്തയുടെ അശ്വത്തിലേറി യുദ്ധഭൂമിയിലേക്ക്

കുതിച്ചു. പണവും പ്രൗഡിയും നേടിയെടുക്കാൻ -സുഖലോലുപതയിൽ മുങ്ങി മയങ്ങാൻ - മാടമ്പിസ്ഥാനം സ്വന്തമാക്കാൻ വഴിയോര സത്രങ്ങളിലൊന്നിൽ വച്ച് ദൈവം അവനെ സ്പർശിച്ചു. ദമാസ്കസിലേക്കുള്ള യാത്രാമദ്ധ്യേ സാവൂളിനെ സന്ദർശിച്ചതുപോലെ. പിന്നെ ഒരു മടക്കയാത്രയായി. ഈലോകദാസർക്ക് ദാസ്യ വൃത്തി ചെയ്യുന്നതിൽ നിന്ന് സ്വാർത്ഥതയുടെയും സുഖലോലുപതയുടെയും ചെറിയ ലോകത്തിൽനിന്ന് അദ്ദേഹം മടങ്ങി. ഭൗമിക സ്വപ്നങ്ങൾ വഴിയിൽ ഉപേക്ഷിച്ചുകൊണ്ട്

ജഡികതയുടെ ക്ഷണം നിരസിച്ച് ദൈവത്തിന്റെ വിളി സ്വീകരിച്ച ഫ്രാൻസീസിനെ ക്രൂശിതനായ യേശു നൽകിയ ആഹ്വാനം ഇതാണ് എന്റെ ആലയം പുതുക്കിപ്പണിയുക! ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന തന്റെ ആത്മാവിനെ ക്രിസ്തുവിൻെറ മൗതിക ശരീരമായ സഭയെ, ഈ ലോകത്തെ സമുദ്ധരിക്കുവാനാണ് ദൈവം ആവശ്യപ്പെടുന്നതെന്ന് ഫ്രാൻസിസിന് മനസ്സിലായി. ദൈവം നൽകിയ ആ വെല്ലുവിളി ഫ്രാൻസിസ് തനതായ രീതിയിൽ സ്വീകരിച്ചു. അദ്ദേഹം നേടിയ ജീവിതലക്ഷ്യം അനേകായിരങ്ങളെ ആകർഷിച്ചു. 800 വർഷങ്ങൾക്കുശേഷം ഇന്നും വി. ഫ്രാൻസിസിന്റെ അനുയായികളായ കപ്പൂച്ചിൻസ്, അവരുടെ സ്ഥാപകനേതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കി ജീവിക്കാൻ ശ്രമിക്കുന്നു. പലരീതികളിലുടെ സുവിശേഷ പ്രഘോഷണത്തിലൂടെ സമൂഹം ഭ്രഷ്ട് കല്പിച്ച എഡ്സ് രോഗികളെയും കുഷ്ഠരോഗികളെയും ശുശ്രൂഷിച്ചുകൊണ്ട്, പുറംപോക്കുകളിൽ തള്ളപ്പെട്ട ആകാശപ്പറവൾക്ക് മനുഷ്യോചിതമായ ഒരു ജീവിതം നൽകിക്കൊണ്ട്, മിഷൻ മേഖലകളിലെ സഭാരൂപീകരണത്തിലൂടെ സമാധാനത്തിനും സാമൂഹ്യനീതിക്കും പരിസ്ഥിതിസംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്നതിലൂടെ.

ഓരോ വ്യക്തിയെക്കുറിച്ചും ദൈവത്തിന് ഒരു സ്വപ്നമുണ്ട്. നന്മയ്ക്കായുള്ള സ്വപ്നം. ആ സ്വപ്നസാക്ഷാത്ക്കാരത്തിനുള്ള വിളിയും ദൈവം നൽകുന്നു. യുദ്ധത്തിന്റെയും കലഹത്തിന്റെയും സ്വരം നീ കേൾക്കുന്നില്ലേ. അക്രമങ്ങളുടെയും അശാന്തിയുടെയും വാർത്ത നീ വായിക്കുന്നില്ലേ. സത്യവും നീതിയും സ്നേഹവും നഷ്ടപ്പെട്ട ലോകത്തെ ഓർത്ത് നിന്റെ ഹൃദയം വേദനിക്കുന്നുണ്ടോ?. നിരാശയിൽപ്പെട്ടവർക്ക് സമാധാനത്തിന്റെ സുവിശേഷം പകരാൻ നിന്റെ മനസ്സ് ത്രസിക്കുന്നുണ്ടോ?. സത്യത്തിൽ, സ്നേഹത്തിൽ, സമാധാനത്തിൽ കഴിയുന്ന ഒരു ലോകം നീ സ്വപ്നം കാണുന്നുണ്ടോ എങ്കിൽ ഒരുനിമിഷം നിശ്ശബ്ദമായി പ്രാർത്ഥിക്കുക. നിന്റെ ഹൃദയത്തുടിപ്പുകളെ കാതോർത്ത് ശ്രദ്ധിക്കുക. ലോകത്തിന് രക്ഷകനായി മാറാൻ ദൈവം നിന്നെയും വിളിക്കുന്നു. ആ സ്വരം നീ ശ്രവിക്കുന്നെങ്കിൽ സഹോദരാ നിനക്ക് സ്വാഗതം. ഫ്രാൻസിസിലൂടെ ദദൈവം ഞങ്ങൾക്ക് നൽകിയ സ്വപ്നത്തിൽ പങ്കുചേരുവാൻ. ആ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ. അങ്ങനെ ദൈവം നൽകുന്ന വിളിയുടെ വെല്ലുവിളികൾ നേരിട്ട് മാറ്റങ്ങൾ സൃഷ്ടിക്കാൻ ലോകത്തിൻമുഖം ദൈവത്തിന്റേതുപോലെ സുന്ദരമാക്കുവാൻ വരൂ, നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.




## ലൂക്ക 17, 18 അദ്ധ്യായങ്ങൾ

1. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ സിക്കമിൻ വൃക്ഷത്തോട് എന്ത് ചെയ്യണമെന്ന് പറഞ്ഞാൽ അത് അനുസരിക്കുമെന്നാണ് വചനം പറയുന്നത്?
2. ജറുസലെമിലേക്കുള്ള യാത്രയിൽ യേശു ഏതൊക്കെ പട്ടണങ്ങളിലൂടെയാണ് കടന്നുപോയത്?
3. ഏതു ഗ്രാമത്തിലേക്കുള്ള യാത്രയിലാണ് യേശുവിനെ പത്ത് കുഷ്ഠരോഗികൾ കണ്ടത്?
4. പത്ത് കുഷ്ഠരോഗികൾ കർത്താവിനോട് എന്താണ് ആവശ്യപ്പെട്ടത്?
5. യേശു കുഷ്ഠരോഗികളോട് എന്താണ് മറുപടി പറഞ്ഞത്?
6. യേശുവിനോട് തിരികെവന്ന് നന്ദി പറഞ്ഞ കുഷ്ഠരോഗി ഏത് വിഭാഗത്തിൽ പെട്ടവനായിരുന്നു?
7. ദൈവരാജ്യം എപ്പോഴാണ് വരുന്നതെന്ന് ചോദിച്ച ഫരിസേയരോട് ഈശോ എന്താണ് പറഞ്ഞത്?
8. ദൈവരാജ്യം എപ്പോഴാണ് വരുന്നതെന്ന് ഈശോയോട് ആരാണ് ചോദിച്ചത്?
9. തന്റെ ദിവസത്തിൽ മനുഷ്യപുത്രൻ എങ്ങിനെ ആയിരിക്കുമെന്നാണ് വചനം പറയുന്നത്?
10. ലോത്ത് സോദോമിൽ നിന്ന് ഓടിപ്പോയ ദിവസം അവിടെ എന്ത് സംഭവിച്ചു?
11. മനുഷ്യപുത്രൻ വെളിപ്പെടുന്ന ദിവസം വയലിലായിരിക്കുന്നവർ എന്ത് ചെയ്യരുതെന്നാണ് വചനം പറയുന്നത്?
12. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന് കാണിക്കാൻ യേശു പറഞ്ഞ ഉപമ ഏതാണ്?
13. വിധവ ന്യായാധിപനോട് എന്താണ് അപേക്ഷിച്ചത്?
14. മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ എന്ത് കണ്ടെത്തുമോ എന്നാണ് കർത്താവിന്റെ സംശയം?
15. തങ്ങളിൽ തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോട് ഈശോ പറഞ്ഞ ഉപമ ഏത്?

16. ചുങ്കക്കാരൻ എന്താണ് പ്രാർത്ഥിച്ചത്?
17. ചുങ്കക്കാരന്റേയും ഫരിസേയന്റേയും പ്രാർത്ഥനയ്ക്ക് ശേഷം ചുങ്കക്കാരൻ എങ്ങനെയാണ് വീട്ടിലേക്ക് പോയത്?
18. ആരാണ് നീതികരിക്കപ്പെട്ടവനായി വീട്ടിലേക്ക് മടങ്ങിയത്?
19. ശിശുക്കളെ എന്തിനാണ് അവന്റെ അടുക്കൽ കൊണ്ടുവന്നത്?
20. എങ്ങനെയുള്ളവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്ന് ഈശോ പറഞ്ഞത്?

## കഴിഞ്ഞമാസത്തെ ശരിയുത്തരങ്ങൾ

1. ജീവിച്ചിരിക്കുമ്പോൾ
2. കർത്താവ് ഗിദെയോനോട്
3. പങ്കിലമാണ്.
4. തന്റെ ആരോഹണത്തിന്റെ
5. കൗശലപൂർവ്വം
6. ഒത്ത്നിയേൽ
7. അനുഗ്രഹത്തിന്റെ
8. പഴകിപ്പോകാത്ത
9. കൃതജ്ഞതാ ബലി
10. അബ്രാഹത്തോട്

## ശരിയുത്തരങ്ങൾ അയച്ചവർ

1ഡെയ്സി അന്തപ്പൻ, സെ.മേരീസ്
2 ലൂസി ജോയ്, സെന്റ് സേവിയേഴ്സ
3 റോസി ജോസ്, സെന്റ് സേവിയേഴ്സ്
4 ജോസഫീന ജോയ്, സെ.മേരീസ്
5. മേരി രാജു, സെന്റ് സേവിയേഴ്സ്

---

നറുക്കെടുപ്പിലൂടെ വിജയിയായത്
**റോസി ജോസ് സെന്റ് സേവിയേഴ്സ്**

---

## തിരുത്ത് :

സെപ്തംബർ മാസത്തെ വിജയി :

**ഡെയ്സി അന്തപ്പൻ സെന്റ് മേരീസ് യൂണിറ്റ്**

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് 15-10-2024-നു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

**ചായമിടൽ മത്സര വിജയി – സെപ്തംബർ 2024**

**അന്റോണിയോ കെ.എസ്. ഹോളി ഫാമിലി യൂണിറ്റ്**


1st
Happy Birthday!
Nivaan Nidhin
Kuruthukulangara
S/o Nidhin Joy
& Vinaya S Aloor
Best wishes by
Grand Parents

# Lengthy & Strengthy

**LONG-LASTING & DURABLE OCEAN PVC PIPES**

Masterly presence for the 26th YEAR



Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER TECHNOLOGIES PVT. LTD**
V/35, Marar Road, Velappaya Medical College P.O, Thrissur - 680 596
Phone: 0487 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in Email: enqury@theoceangroup.co.in

**AUTHORISED DEALER**
**BENSON HARDWARES. Ph: 93871 51738**

**FOR ENQUIRIES CALL: 0487 2202787**
**CUSTOMER CARE: 8137009888**

nirmala hiprint Ph : 0487 2387393